I ഇ.ബി. XIII- കേരള നിയമസഭ/VIII-12

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ഏപ്രിൽ 9, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

**നക്ഷത്ര ചിഹ്നമിടാത്ത 74–ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം**

പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 74–ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രി മേശപ്പുറത്ത് വച്ചു.

**അനുമോദനം**

**ലഫ്റ്റനന്റ് കമാൻഡർ അഭിലാഷ് ടോമിക്ക് അനുമോദനം**

ഒരിക്കൽപോലും തീരം തൊടാതെ പായ്‌വഞ്ചിയിൽ ലോകം ചുറ്റി ഗേറ്റ് വേ ഓഫ് ഇൻഡ്യയിൽ തിരിച്ചെത്തി രാഷ്ട്രപതിയുടെ സ്വീകരണത്തിന്

പാത്രമായ മലയാളിയായ നാവികസേന ലഫ്റ്റനന്റ് കമാൻഡർ അഭിലാഷ് ടോമിയെ കേരള നിയമസഭയ്ക്കുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ അനുമോദിച്ചു.

**ചരമോപചാരം**

## എസ്. രാമചന്ദ്രൻ പിള്ളയുടെ നിര്യാണം

മുൻ നിയമസഭാംഗം എസ്. രാമചന്ദ്രൻ പിള്ളയുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിക്കുകയും ചെയ്തു.

**അടിയന്തിര പ്രമേയം**

## ഗാർഹിക പീഡനം

മി. സ്പീക്കർ: മുഖ്യമന്ത്രി ഗാർഹിക പീഡനത്തിന് ഇരയായ ഡോ. യാമിനി തങ്കച്ചിയുടെ പരാതി വാങ്ങാതെ പ്രശ്നം രമ്യമായി പരിഹരിക്കാമെന്ന് പറഞ്ഞ് നീട്ടിക്കൊണ്ടുപോവുകയും ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ പരാതി ആദ്യമായി പരിഗണിക്കപ്പെടാൻ ഇടപെടുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി.എസ്. സുനിൽ കുമാർ, വി. ചെന്താമരാക്ഷൻ, മാത്യു ടി.തോമസ്, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഡോ. യാമിനി തങ്കച്ചിക്കെതിരെ ശ്രീ. ഗണേഷ് കുമാർ കുടുംബ കോടതിയെ സമീപിച്ചത് മുഖ്യമന്ത്രിയുടെ സമ്മതം വാങ്ങിക്കൊണ്ടാണെന്ന അടിയന്തിര പ്രമേയത്തിലെ പരാമർശം, അദ്ദേഹം നിരസിച്ചിരിക്കുകയാണ്. ഏത് സാഹചര്യത്തിൽ കുടുംബ കോടതി യിൽ പോയിയെന്നും മീഡിയേറ്റേഴ്സായ ഒരാളോടും ചർച്ച ചെയ്യാൻ സമയം കിട്ടിയില്ലെന്നുമുള്ള വ്യക്തമായ അഫിഡവിറ്റ് ശ്രീ ഗണേഷ് കുമാർ ഏപ്രിൽ മാസം 5–ാം തീയതി കോടതിയിൽ നൽകുകയും 6–ാം തീയതി രണ്ട് പേരോടും പരസ്യപ്രസ്താവനകൾ പാടില്ലായെന്ന് കോടതി നിർദ്ദേശിക്കു കയും ചെയ്തു. അതിനുശേഷം ശ്രീ. ഗണേഷ്കുമാർ പ്രസ്താവിച്ചിരിക്കുന്നൂ വെന്ന് പ്രതിപക്ഷം പറയുന്നത് ശരിയല്ല.

ശ്രീ. വി.എസ്. സുനിൽ കുമാർ: കുടുംബപ്രശ്നത്തിന് ഉപരിയായി നിയമവാഴ്ച ഉറപ്പുവരുത്തേണ്ട കാര്യത്തിൽ സർക്കാർ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുകയാണ്. സർക്കാരും മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ എടുത്ത നിയമവിരുദ്ധമായ സമീപനങ്ങളും നിലപാടുകളും സത്യപ്രതിജ്ഞാ ലംഘനവും കണക്കിലെടുത്താണ് ഈ പ്രശ്നം വീണ്ടും സഭയിൽ ഉന്നയിക്കുന്നത്. നിയമപരമായി കൈകാര്യം ചെയ്യേണ്ട വിഷയം ഒത്തുതീർപ്പിലൂടെ പരിഹരിക്കാമെന്ന് പറഞ്ഞ് പരാതിക്കാരിയെ മടക്കി അയച്ചത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണം. പ്രശ്നം പരിഹരിക്കപ്പെടുന്നതിനുപകരം സങ്കീർണ്ണമായ നിയമപ്രശ്നങ്ങളും രാഷ്ട്രീയ വിഷയങ്ങളുമായി അത് വളർന്നു വന്നു. ഭരണഘടനയോട് കൂറു പുലർത്തി പ്രവർത്തിക്കേണ്ട മുഖ്യമന്ത്രി ഒരു സ്ത്രീയുടെ പരാതിയിന്മേൽ നീതി ഉറപ്പാക്കാൻ നടപടി സ്വീകരിക്കാതിരുന്നത് സത്യപ്രതിജ്ഞാ

ലംഘനവും അധികാര ദുർവിനിയോഗവുമാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ നിഷേധിക്കുന്നു. ഈ പ്രശ്നത്തിൽ ഏറ്റവും നല്ല രീതിയിൽ ഒത്തുതീർപ്പുണ്ടാക്കുവാൻ തുടർന്നും ശ്രമിക്കും. ഇത് ഒരു പൊതു പ്രവർത്തകന്റെ കടമയാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) ദേശീയ പാത വികസനം

ശ്രീ. മോൻസ് ജോസഫ്: സംസ്ഥാനത്തെ ദേശീയ പാതയിൽ കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള റീച്ചുകളിൽ റോഡിന്റെ ഇരു ഭാഗത്തുനിന്നും ഒരേ അളവിൽ ഭൂമി എടുക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യക്തമായ ചർച്ചകൾ നടത്തുവാനും അഭിപ്രായ സമന്വയം ഉണ്ടാക്കുവാനും കേന്ദ്ര

ഗവൺമെന്റിന്റെ ഈ പദ്ധതി കേരളത്തിന് നഷ്ടപ്പെടാതിരിക്കുവാനുമുള്ള സാഹചര്യമുണ്ടാക്കണം. സങ്കീർണ്ണമായ യാത്രാ പ്രശ്നമുള്ള പ്രദേശങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കണം. ഭൂമി നഷ്ടപ്പെടുന്നവർക്കുവേണ്ടി പുനരധിവാസ പാക്കേജ് നടപ്പാക്കണം. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്ത് സമവായം ഉണ്ടാക്കുകയും ഇനി പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ മുൻഗണന കൊടുത്ത് സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): നാഷണൽ ഹൈവേയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് വലിയ എതിർപ്പുകളാണ് ഉണ്ടായിട്ടുള്ളത്. എൻ.എച്ച് 47-നും 17-നും 45 മീറ്റർ വീതം ഭൂമി ഏറ്റെടുത്ത് കൊടുത്താൽ മാത്രമേ റോഡ് വികസിപ്പിക്കുകയുള്ളു എന്ന നിലപാടാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ ശ്രമഫലമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തികൾ ആരംഭിച്ചെങ്കിലും റോഡിന്റെ രണ്ട് വശത്തുനിന്നും തുല്യമായി ഭൂമി ഏറ്റെടുക്കാൻ സാധിക്കുന്നില്ല. ഇക്കാര്യം സംബന്ധിച്ച് മുഖ്യമന്ത്രിതലത്തിൽ ധാരാളം ചർച്ചകൾ നടത്തിയിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടി 50 ശതമാനം ചെലവ് വഹിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ആലപ്പുഴ, കൊല്ലം എന്നീ ബൈപ്പാസുകളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭൂമിയുടെ ലഭ്യതക്കുറവും അമിത വിലയും ദേശീയപാതാ വികസനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. തൃശ്ശൂർ - ഇടപ്പള്ളി നാലുവരിപ്പാത ഗതാഗതത്തിന് തുറന്നുകൊടുക്കുകയും മറ്റുള്ളവയ്ക്ക് ഭൂമി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് കൈമാറി

എത്രയും വേഗം നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. വികസന പ്രവർത്തനങ്ങൾ നടത്താത്ത ദേശീയ പാതകളിൽ ടോൾ ഏർപ്പെടുത്തുന്നതിലും രണ്ട്വരിപ്പാതയാക്കി വികസിപ്പിച്ചിട്ടുള്ള നാഷണൽ ഹൈവേകളിൽ കേന്ദ്ര സർക്കാർ ഫണ്ട് തന്നാൽ ടോൾ ഏർപ്പെടുത്താതെ വികസന പ്രവർത്തനങ്ങൾ നടത്താൻ തയ്യാറാണെന്നുമുള്ള സർക്കാർ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ജീവിത നിലവാര സൂചികയനുസരിച്ച് വർഷം തോറും ടോൾ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിലെ വ്യവസ്ഥയനുസരിച്ചാണ് പാലിയേക്കര ടോൾ നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളത്.

## (2) <u>കല്ലട ഇറിഗേഷൻ പ്രോജക്ട്</u>

<u>ശ്രീ. കെ. രാജു</u>: കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മൂന്ന് ജില്ലകളിലായി 1070 കിലോമീറ്റർ കനാലുകളും രണ്ടായിരത്തോളം മൈനർ കൺവയന്റ് സിസ്റ്റവും വിഭാവനം ചെയ്തിരുന്ന കല്ലട പദ്ധതിയിൽ 980 കിലോമീറ്റർ കനാൽ നിർമ്മാണവും 1900 എം.സി.എസ്-ഉം പൂർത്തീകരിച്ചിട്ടുണ്ട്. കായംകുളം, തൃക്കരുവ ബ്രാഞ്ച് കനാലുകൾക്കുവേണ്ട ഭൂമി പൊന്നുംവിലയ്ക്ക് എടുത്തിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. 13-ാം ധനകാര്യ കമ്മീഷനിൽനിന്നും പണം ലഭ്യമാക്കി ഭാഗികമായി പണി പൂർത്തീകരിച്ച കനാലുകളുടെയും ഉപേക്ഷിക്കപ്പെട്ട 90 കിലോമീറ്റർ കനാലിന്റെയും നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കല്ലട ഇറിഗേഷൻ പ്രോജക്ടിനുവേണ്ടിയുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണം. ഈ പദ്ധതി ഇ.ആർ.എം. സ്കീമിൽപ്പെടുത്തി

കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമാക്കുന്നതിനും തെന്മല ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അനുമതി വാങ്ങുന്നതിനും നടപടി സ്വീകരിക്കണം. പ്രോജക്ടിനുവേണ്ടി ഏറ്റെടുത്തതും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നതുമായ സ്ഥലങ്ങൾ സർക്കാരിന്റെ ഇതര വകുപ്പുകൾക്കായി വിട്ടുകൊടുക്കുന്നതിനും തെന്മല ഡാമിനോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തുകളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തി കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളുടേയും ഡിസ്ട്രിബ്യൂഷന്റെയും വാർഷിക അറ്റകുറ്റ പണികൾ നടത്താറുണ്ട്. 2012–13 സാമ്പത്തിക വർഷത്തെ പണികൾക്കുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. ചിറക്കരത്താഴം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് 4.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 13-ാം ധനകാര്യ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പാക്കുന്നതാണ്. കല്ലട ഇറിഗേഷൻ പ്രോജക്ടിൽ ഇപ്പോൾ നടന്നുവരുന്നത് അറ്റകുറ്റപ്പണികൾ മാത്രമായതിനാൽ ചില ഓഫീസുകൾ നിർത്തലാക്കുകയും തസ്തികകൾ മറ്റ് പ്രോജക്ടുകളിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.

## സബ്മിഷൻ

### (1) പദ്ധതി വിഹിതം സംബ്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പദ്ധതി വിഹിതത്തിൽ പ്രതിപക്ഷത്തോട് കാണിക്കുന്ന വിവേചനം സംബന്ധിച്ച്

മുഖ്യമന്ത്രിക്ക് നൽകിയ കത്തിനേക്കുറിച്ചുള്ള കാര്യത്തിൽ അഭിപ്രായം അറിയിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പദ്ധതി വിഹിതത്തിൽ പ്രതിപക്ഷത്തോട് വിവേചനമൊന്നും കാണിച്ചിട്ടില്ല. കോളജുകൾ ഇല്ലാത്ത മണ്ഡലങ്ങൾ പ്രതിപക്ഷ-ഭരണപക്ഷ മുന്നണികളിലുമുണ്ട്. ഹൈസ്കൂളുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പ്രതിപക്ഷ/ഭരണപക്ഷ വ്യത്യാസമില്ലാതെ മുൻവർഷം അവ അനുവദിച്ചിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന 12 താലൂക്കുകളെ സംബന്ധിച്ച് എന്തെങ്കിലും അപാകതകളുള്ളതായി ബോദ്ധ്യപ്പെട്ടാൽ അത് പരിഹരിക്കുന്നതാണ്. ഇതുസംബന്ധിച്ച് പ്രതിപക്ഷവുമായി ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമാണ്.

## (2) ഡ്യൂട്ടി സമയത്ത് മദ്യപാനം

ശ്രീ. തോമസ് ഉണ്ണിയാടൻ: മദ്യപിച്ച് സർക്കാർ സ്ഥാപനങ്ങളിൽ ഡ്യൂട്ടിക്കെത്തുന്ന ജീവനക്കാരും വാഹനമോടിക്കുന്നവരും ഉണ്ടാക്കുന്ന ജീവൽ-സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മദ്യപിച്ച് സർക്കാർ സ്ഥാപനങ്ങളിൽ ഡ്യൂട്ടിക്കെത്തുന്ന ജീവനക്കാരുടെ പേരിൽ നിയമനടപടികളെടുക്കുന്നതിനും മദ്യപിച്ച് വാഹനമോടിക്കുന്നതുമൂലം വർദ്ധിച്ചുവരുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിനും കർശന നടപടി സ്വീകരിക്കുന്നതാണ്.

(ശ്രീ. എസ്. രാജേന്ദ്രൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)

### (3) വെള്ളായണി കായലിന്റെ സംരക്ഷണം

ശ്രീമതി ജമീലാ പ്രകാശം: വെള്ളായണി കായലിനെ ശുദ്ധജല തടാകമായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വെള്ളായണി കായലിനെ ശുദ്ധജല തടാകമായി സംരക്ഷിക്കുന്നതിന് 50 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും ജപ്പാൻ സർക്കാരിന്റെ സാമ്പത്തികസഹായ പദ്ധതിപ്രകാരം കായൽ പുനരുദ്ധാരണത്തിന് ഒരു ബൃഹത് പരിപാടി തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. കായലിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കായലിനോട് ചേർന്നുകിടക്കുന്ന 256 ഏക്കർ പട്ടയഭൂമി ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കായലിന്റെ സംരക്ഷണത്തിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

### (4) തരൂർ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി

ശ്രീ. എ. കെ. ബാലൻ: തരൂർ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): തരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ യോഗതീരുമാനപ്രകാരം ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിക്കായി അനുവദിച്ച തുക ഉപയോഗിച്ച് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ച് പ്രസ്തുത ആയുർവ്വേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (5) അതിവേഗ റെയിൽവേ പാതയ്ക്ക് സ്ഥലം ഏറ്റെടുക്കൽ

ശ്രീ.സി. കെ. നാണു: അതിവേഗ റെയിൽവേ പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടായിരിക്കുന്ന ആശങ്ക ദൂരീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): അതിവേഗ റെയിൽപ്പാതയുടെ സർവ്വേ നടപടികളും അനുബന്ധ ജോലികളും നിർത്തിവച്ചിരിക്കുകയാണ്. എല്ലാവിഭാഗം ജനങ്ങളെയും ബോധ്യപ്പെടുത്തി അതിവേഗ റെയിൽവേയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നതോടൊപ്പം ആൾട്ടർനേറ്റീവ് സ്ഥലം ഉണ്ടോയെന്നും പരിശോധിക്കാവുന്നതാണ്.

## (6) ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുമുമ്പായി ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതും ലൈസൻസ് നൽകുന്നതിനുമുമ്പ് ട്രാഫിക് നിയമങ്ങളെ ക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (7) കെ.എസ്.ആർ.ടി.സി.

ശ്രീ. ജി. സുധാകരൻ: കെ.എസ്.ആർ.ടി.സി. നേരിടുന്ന രൂക്ഷമായ പ്രതിസന്ധി പരിഹരിച്ച് നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കാനും ഈ സ്ഥാപനം പൊതുമേഖലയിൽത്തന്നെ നിലനിർത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കെ.എസ്.ആർ.ടി.സി. കൺസഷൻ ഇനത്തിൽ ഭീമമായ നഷ്ടം സഹിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നീ ഇനത്തിലും പ്രതിമാസം കോടിക്കണക്കിന് രൂപ ചെലവഴിക്കേണ്ടി വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഈ വർഷം 500 പുതിയ ബസ് ഇറക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്.

## (8) സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിക്കുനേരെ നടന്ന വധശ്രമം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയന്റെ വീടിന് പരിസരത്തുവച്ച് തോക്ക്, കൊടുവാൾ തുടങ്ങിയ മാരകായുധങ്ങളോടുകൂടി ഒരാളെ അറസ്റ്റ് ചെയ്ത സംഭവത്തിന്മേൽ അന്വേഷണം നടത്തി ഇതിന് പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സി.പി.ഐ (എം) സംസ്ഥാന സെക്രട്ടറിയുടെ വീടിന്റെ പരിസരത്ത് എയർഗണ്ണും കൊടുവാളും ചെറിയ

കുപ്പിയിൽ എയർ ഗൺ പെല്ലറ്റുമായി കാണപ്പെട്ട 75 വയസ്സുള്ള ആളെ അറസ്റ്റു ചെയ്യുകയും കൈവശം ഉണ്ടായ മുതലുകൾ ഏറ്റെടുക്കുകയും കേസ് രജിസ്റ്റർ ചെയ്ത് 4-4-13-ൽ തലശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രതി വീട്ടുകാരോട് പറയാതെ ആഴ്ചകളോളം പല സ്ഥലങ്ങളിലും താമസിക്കാറു ണ്ടെന്നും കഴിഞ്ഞ നാല് ദിവസമായി വടകരയിലെ ആലയ്ക്കൽ റെസി ഡൻസിയിൽ താമസമാണെന്നും കൂട്ടുപുഴയിൽ സി.പി.എം. സെക്രട്ടറി പ്രസംഗിക്കാൻ ചെന്ന സന്ദർഭത്തിൽ ടിയാൻ അവിടെ എത്തിയിരുന്നു എന്ന വിവരവും ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ എന്തെങ്കിലും ഗൂഢാലോചന ഉണ്ടോയെന്നത് സംബന്ധിച്ച് പരിശോധിക്കണമെന്നാണ് സർക്കാരിന്റെ നില പാട്. ഇതുസംബന്ധിച്ച് കണ്ണൂർ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.യെ അന്വേഷണ ചുമതല ഏൽപ്പിക്കുകയും ക്രൈംബ്രാഞ്ച് എ.ഡി.ജി.പി. ഇതിന്റെ മേൽനോട്ടം വഹിക്കുന്നതുമാണ്.

## (9) നെയ്യാറ്റിൻകര പോലീസ് കോംപ്ലക്സ്

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകര പോലീസ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കി എത്രയുംവേഗം പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നെയ്യാറ്റിൻകര പോലീസ് കോംപ്ലക്സ് നിർമ്മിക്കാനുള്ള സ്ഥലം തടസ്സരഹിതമായി കെ.പി.എച്ച്.സി.സി.ക്ക് കൈമാ റുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പഴയ ക്വാർട്ടേഴ്സുകൾ

പൊളിച്ച് സാധനസാമഗ്രികൾ അടുക്കിവച്ച് പിന്നീട് ലേലം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ച് വരികയാണ്.

## (10) രക്ഷാ പ്രവർത്തനങ്ങളിലുണ്ടാകുന്ന കാലതാമസം

ശ്രീ. ബി. സത്യൻ: കിളിമാനൂരിൽ കാറും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ രക്ഷാപ്രവർത്തനത്തിന് കാലതാമസം നേരിടുകയുണ്ടായി. ഈ മേഖലയിൽ തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനായി കിളിമാനൂർ കേന്ദ്രമാക്കി ഫയർ ആന്റ് റെസ്ക്യൂ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ഭാരം കയറ്റിയ വാഹനങ്ങളെ നിയന്ത്രിക്കാൻ പോലീസ് സംവിധാനം ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം. ഇതുസംബന്ധിച്ച് പ്രത്യേക യോഗം വിളിച്ചു ചേർത്ത് പരിഹാരമുണ്ടാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കിളിമാനൂരിൽ കാറും ലോറിയും തമ്മിൽ കൂട്ടിയിടിച്ച് കാർ തോട്ടിലേയ്ക്ക് മറിയുകയും തീ പിടിച്ച് കാർ യാത്രക്കാർ പൊള്ളലേറ്റ് മരിക്കുകയും ചെയ്തു. ലോറിയിലെ 16 ടൺ ഭാരമുള്ള രണ്ട് ഗ്രാനൈറ്റുകൾ താങ്ങാനുള്ള ശക്തി ലോറിക്കോ റോഡിനോ ഉണ്ടായിരുന്നില്ല. ലോറിയിലെ ഗ്രാനൈറ്റ് പൊക്കിമാറ്റാൻ ക്രെയിൻ ഇല്ലാത്തതാണ് രക്ഷാപ്രവർത്തനം വൈകാൻ കാരണം. ഈ മേഖലയിൽ അപകടങ്ങൾ ഒഴിവാക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുടെ യോഗം വിളിച്ച് ആവശ്യമായ സഹായം ചെയ്യുന്നതാണ്.

## (11) ലാബ് അസിസ്റ്റന്റുമാരുടെ സേവന-വേതന വ്യവസ്ഥകളുടെ പരിഷ്ക്കരണം

ശ്രീ. കെ. മുരളീധരൻ: സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാർക്ക് 9-ാം ശമ്പള പരിഷ്ക്കരണത്തിൽ സമാനമായ മറ്റ് തസ്തികകൾക്ക് നൽകിയ ശമ്പള സ്കെയിൽ നൽകുന്നതിനും പ്രൊമോഷൻ ലഭ്യമാകാൻ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനും ബൈട്രാൻസ്ഫർ നിയമനം ലഭിച്ചതും 50 വയസ്സുകഴിഞ്ഞതുമായ ലാബ് അസിസ്റ്റന്റുമാർക്ക് ടെസ്റ്റ് ഇളവും സൂപ്പർ ആനുവേഷനും റിസ്ക്ക് അലവൻസും നൽകുന്നതിനും നേരിട്ടുള്ള നിയമനത്തിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉയർത്തുന്നത് പരിഗണിക്കുന്നതുൾപ്പെടെ അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ അനുഭാവ പൂർണ്ണമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): അടിസ്ഥാന യോഗ്യത വ്യത്യസ്തമായതിനാൽ എൽ.ഡി ക്ലാർക്കിന് തുല്യമായ ശമ്പള സ്കെയിലിന് ലാബ് അസിസ്റ്റന്റുമാർക്ക് അർഹതയില്ല. നിലവിൽ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ ക്രാഫ്റ്റ്, ലൈബ്രേറിയൻ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ലാബ് അസിസ്റ്റന്റുമാർക്ക് അദ്ധ്യാപക തസ്തികകളിലേയ്ക്ക് ബൈ ട്രാൻസ്ഫർ പ്രൊമോഷൻ നൽകുന്നതിനും ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച 50 വയസ്സ് കഴിഞ്ഞ ലാബ് അസിസ്റ്റന്റുമാർക്ക് വകുപ്പുതല ടെസ്റ്റിൽനിന്നും ഇളവു നൽകുന്നതിനും ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണ്. ലാബ് അസിസ്റ്റന്റുമാർക്ക് ഹയർ സെക്കന്ററി അദ്ധ്യാപകരെപ്പോലെ സൂപ്പർ ആനുവേഷൻ ആനുകൂല്യം

നൽകുന്നതു സംബന്ധിച്ചും ഇവരുടെ പ്രവർത്തന സാഹചര്യം പരിഗണിച്ച് റിസ്ക് അലവൻസ് നൽകുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ചിട്ടില്ല. ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്ന മുറയ്ക്ക് മറ്റ് കാര്യങ്ങൾകൂടി പരിഗണിക്കുന്നതാണ്.

## (12) അടൂർ കേന്ദ്രമാക്കി വിദ്യാഭ്യാസ ജില്ല അനുവദിക്കൽ

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): തിരുവല്ല–പത്തനംതിട്ട വിദ്യാഭ്യാസ ജില്ലകളുടെ പരിധിയിൽ വരുന്ന സ്കൂളുകളേയും അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും പുന:രൂപീകരണം നടത്തി അടൂർ കേന്ദ്രമായി ഒരു പുതിയ വിദ്യാഭ്യാസ ജില്ലകൂടി ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (13) സ്വർണ്ണ വ്യാപാരികളിൽനിന്ന് സെസ് പിരിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. രാധാകൃഷ്ണൻ: കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വർണ്ണ വ്യാപാരികളിൽനിന്നും നിയമാനുസൃതമുള്ള സെസ് പിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): 2009 ആഗസ്റ്റ് 1–ന് രൂപീകൃതമായ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആദ്യ മീറ്റിംഗിൽ ഈ നിയമത്തിന്റെ പോരായ്മ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള പരാതി ഉന്നയിക്കപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ ബോർഡ് ഈ വിഷയം പരിശോധിക്കുകയും സെയിലിന്റെ മാത്രം 0.25 ശതമാനം കളക്ട് ചെയ്താൽ മതി എന്ന ഒരു നിർദ്ദേശം ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഗവൺമെന്റ് ധനകാര്യം, നിയമം, നികുതി എന്നീ വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരായുകയും നിയമം ഭേദഗതി ചെയ്ത് വിൽപ്പനയുടെ 0.25 ശതമാനം സെസ് കളക്ട് ചെയ്യണമെന്ന നിയമ വകുപ്പിന്റെ നിർദ്ദേശം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുമാണ്.

## (14) <u>ഡോ. വി.എൻ. ശങ്കരൻ കമ്മീഷൻ</u>

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: പരമ്പരാഗത വിശ്വകർമ്മ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് രൂപീകരിച്ച ഡോ.വി.എൻ. ശങ്കരൻ കമ്മീഷൻ സജീവമായി പ്രവർത്തിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ.പി. അനിൽകുമാർ</u>): ഡോ. വി.എൻ ശങ്കരൻ കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ ഓഫീസ് സൗകര്യം ലഭ്യമാക്കണെമെന്ന് പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഡയറക്ടറേറ്റിൽ സ്ഥലം ലഭ്യമല്ലെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഡോ. വി. എൻ. ശങ്കരൻ കമ്മീഷൻതന്നെ ഓഫീസ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ വീട് വാടകയ്ക്ക് എടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കമ്മീഷന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കമ്മീഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിശ്വകർമ്മ

ജരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

## (15) വിദ്യാർത്ഥികൾക്കുനേരെ ഉണ്ടായ പോലീസ് മർദ്ദനം

ശ്രീ. വി. ശിവൻകുട്ടി: തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾക്കുനേരെ ഉണ്ടായ പോലീസ് മർദ്ദനത്തെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ കെ.എസ്.യു.വിന്റെ തെരഞ്ഞെടുപ്പ് വിജയാഹ്ലാദ പ്രകടനത്തെ എസ്.എഫ്.ഐ.ക്കാർ ചോദ്യം ചെയ്തതിനെത്തുടർന്നുണ്ടായ നാല് അക്രമസംഭവങ്ങളിലായി 21 കെ.എസ്.യു. പ്രവർത്തകരേയും 12 എസ്.എഫ്.ഐ. പ്രവർത്തകരേയും അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കുകയും 14 ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്യുകയും ചെയ്തു. എഞ്ചിനീയറിംഗ് കോളേജിൽ എസ്.എഫ്.ഐ – കെ.എസ്.യു സംഘട്ടനം നടന്ന സന്ദർഭത്തിൽ മെഡിക്കൽ കോളേജ് സി.എ.യുടെ നേതൃത്വത്തിൽ പോലീസ് പാർട്ടി ലാത്തി വീശി അക്രമാസക്തരായ വിദ്യാർത്ഥികളെ അവിടെ നിന്നും പിരിച്ചുവിട്ട സംഭവത്തിൽ വിദ്യാർത്ഥികൾക്ക് പരിക്കേറ്റതായി വിവരം ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി സൗത്ത് സോൺ എ.ഡി.ജി.പി ഹേമചന്ദ്രനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

## (16) കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. കെ. അജിത്: വൈക്കം നിയോജകമണ്ഡലത്തിൽ ഓരുവെള്ളം കയറിയതിന്റെയും കടുത്ത വരൾച്ചയുടെയും ഫലമായി കൃഷിനാശം സംഭവിച്ചവർക്ക് ഹെക്ടറിന് 25,000 രൂപ വീതം നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): വൈക്കം നിയോജകമണ്ഡലത്തിൽ ഓരുവെള്ളം കയറി നെൽക്കൃഷി നശിച്ചവർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. അവർക്ക് വിത്ത് സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ നെല്ല് കേരള ഫീഡ്സിനെക്കൊണ്ട് എടുപ്പിക്കുന്നതാണ്. വരൾച്ചമൂലം കൃഷിനശിച്ചവർക്ക് പ്രകൃതിക്ഷോഭംമൂലമുള്ള കൃഷി നാശത്തിന് നൽകുന്ന ധനസഹായം അനുവദിക്കുന്നതിന് കൃഷി ഭവൻ മുഖേന അപേക്ഷ സ്വീകരിച്ചുവരുന്നു.

## (17) റേഷൻ വിതരണത്തിലെ അശാസ്ത്രീയത

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: എ.പി.എൽ./ബി.പി.എൽ. കാർഡുകളുടെ എണ്ണത്തിനു പകരം റേഷൻ കാർഡിലെ അംഗങ്ങളുടെ എണ്ണത്തിനനുസൃതമായ തോതിൽ ഭക്ഷ്യധാന്യം നൽകി റേഷൻ വിതരണത്തിലെ അശാസ്ത്രീയത പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): കേന്ദ്രസർക്കാരിന്റെ തീരുമാനപ്രകാരം എ.പി.എൽ./ബി.പി.എൽ വിഭാഗത്തിന് ലഭിക്കുന്ന റേഷൻ

വിഹിതം കാർഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് വീതിച്ചുനൽകുന്നത്. ഓരോ അംഗത്തിനും 5 കിലോഗ്രാം. ഭക്ഷ്യധാന്യം വീതം നൽകണമെന്ന പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ കേന്ദ്ര സർക്കാർ അംഗീകരിച്ച് പുതിയ ഭക്ഷ്യ സുരക്ഷാ ബിൽ നടപ്പിലാക്കു ന്നതോടെ ഓരോ കാർഡിലെയും അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാ നത്തിൽ റേഷൻ വിഹിതം ലഭിക്കും.

## (18) കേരള അക്വാ വെഞ്ച്വർ ഇന്ത്യയുടെ പ്രവർത്തനം

ശ്രീ. ലൂഡി ലൂയിസ്: അലങ്കാര മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കേരള അക്വാ വെഞ്ച്വർ ഇന്ത്യയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനും കാർഷിക നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിലെ (KAVIL) സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്ന് അതേക്കുറിച്ച് പരിശോധിക്കാൻ ഫിഷറീസ് ഡയറക്ടറേറ്റിലെ ധനകാര്യ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്പനിയെ പുനരുജ്ജീവി പ്പിക്കുന്നതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനുവേണ്ടി നിയോ ഗിച്ച സബ്കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനെ ഗവൺമെന്റ് കമ്പനിയാക്കി മാറ്റാൻ തീരുമാനിക്കുകയും 25 കോടി രൂപയുടെ പുനരുദ്ധാരണ പാക്കേജ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക നിരക്കിൽ ഇലക്ട്രിസിറ്റി നൽകുന്നതിന് ധാരണയായിട്ടുണ്ട്.

## (19) അഴീക്കൽക്കടവ്, പെരിഞ്ചേരിക്കടവ് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീമതി കെ.കെ ലതിക: അഴീക്കൽക്കടവ്, പെരിഞ്ചേരിക്കടവ് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): അഴീക്കൽക്കടവ് പാലത്തിന്റെ സ്ഥലമെടുപ്പിനും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുമായി 14–08–09–ൽ 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും അലൈൻമെന്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ രൂപരേഖ തയ്യാറാക്കിവരികയും സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചു വരികയുമാണ്. പെരിഞ്ചേരിക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 14–08–09–ൽ 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. രണ്ട് പാലങ്ങളുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (20) വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർമാർക്ക് പ്രൊമോഷൻ

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർമാർക്ക് അർഹമായ ആനുകൂല്യങ്ങളും സ്ഥാനക്കയറ്റവും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കേരള പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് അനുസരിച്ച് സമാന തസ്തികളായ ഡ്രില്ലർ, ഹെഡ് ഓപ്പറേറ്റർ തസ്തികകളിൽ നിന്നും 1:1 എന്ന അനുപാതത്തിലാണ് മാസ്റ്റർ ഡ്രില്ലർ, മെക്കാനിക്കൽ സൂപ്രണ്ട് തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകേണ്ടത്. മാസ്റ്റർ ഡ്രില്ലർ തസ്തികയുടെ ആറ് ഒഴിവുകളിലേയ്ക്ക് ഹെഡ് ഓപ്പറേറ്റർമാർക്ക് മെക്കാനിക്കൽ സൂപ്രണ്ടായി പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഓപ്പറേറ്ററായി പി.എസ്.സി. മുഖേന സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 8 വർഷം പൂർത്തിയാകുമ്പോൾ ഹെഡ് ഓപ്പറേറ്ററായി പ്രൊമോഷൻ ലഭിച്ചിട്ടില്ലെങ്കിലും ഹെഡ് ഓപ്പറേറ്റർ തസ്തികയിൽ നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിലിലാണ് ശമ്പള നിർണ്ണയം നടത്തുന്നത്. ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ പ്രൊമോഷൻ 5:1 ആയതിനാൽ സ്പെഷ്യൽ റൂൾസിൽ അനുശാസിക്കുന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ തസ്തികയായ മെക്കാനിക്കൽ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിൽ രണ്ടാമത്തെ സമയബന്ധിത ഹയർ ഗ്രേഡും 23 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മെക്കാനിക്കൽ സൂപ്രണ്ട് ഹയർ ഗ്രേഡിന്റെ സ്കെയിലും നൽകിവരുന്നുണ്ട്.

## (21) പീലാർമൂഴി ഇറിഗേഷൻ പദ്ധതി

ശ്രീ. ബി.ഡി. ദേവസ്സി: ചാലക്കുടി നിയോജകമണ്ഡലത്തിലെ പീലാർമൂഴിയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ 4.28 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ്

തയ്യാറാക്കി പരിശോധിച്ചുവരികയാണ്. നബാർഡിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

## (22) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: ആശ്രയ പദ്ധതി ശക്തവും ഫലപ്രദവുമാക്കുന്നതിനും അർഹരായ മുഴുവൻ പേരേയും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുമായി നോംസിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സി.ഡി.എസ്. –നും ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നതിനും ഫണ്ട് കെട്ടിക്കിടക്കുന്നത് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കും. ചലഞ്ച് ഫണ്ട് ഒഴികെയുള്ള തുക അടിസ്ഥാന സൗകര്യാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. 12–ാം പഞ്ചവൽസര പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ പദ്ധതിയിൽ സ്പഷ്ടമായ പ്രോജക്ടുകൾ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഒന്നാംഘട്ട ആശ്രയ പദ്ധതിയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രണ്ടാംഘട്ട ആശ്രയ പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ട്. ആശ്രയ കുടുംബങ്ങളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന്

സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കാത്ത 35 പഞ്ചായത്തുകൾക്ക് അവാർഡ് നിർണ്ണയത്തിൽ മാർക്ക് കുറയ്ക്കുന്നതാണ്.

## (23) ആയുഷ് വകുപ്പ് രൂപീകരിക്കൽ

പ്രൊഫ. സി. രവീന്ദ്രനാഥ്: ആയുർവ്വേദത്തിന്റെ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സംസ്ഥാനത്ത് ആയുഷ് വകുപ്പ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ആയുർവ്വേദം, യോഗ, പ്രകൃതി ചികിത്സ, യുനാനി സിദ്ധ, ഹോമിയോ എന്നീ മേഖലകളുടെ വികസനത്തിന് സമഗ്ര മായ പദ്ധതികൾ ആയുർവ്വേദ-ഹോമിയോ ഡയറക്ടറേറ്റുകൾ നടപ്പിലാക്കിവരുന്നുണ്ട്. മേൽപ്പറഞ്ഞ എല്ലാ വിഭാഗങ്ങളേയും ഉൾപ്പെടുത്തി ഹോളിസ്റ്റിക് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലെ ഹോമിയോ ആശുപത്രികളിൽ ആയുഷ് ചികിത്സാ വിഭാഗങ്ങളുടെ സംയുക്ത സേവനം ആരംഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതിനായി പ്രത്യേക വകുപ്പ് ആരംഭിക്കേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

## (24) ഡെപ്യൂട്ടേഷൻ സ്റ്റാഫിനെ പിൻവലിച്ചത് സംബന്ധിച്ച്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: കേരള ആരോഗ്യ സർവ്വകലാശാല യിൽനിന്നും പിൻവലിച്ച ഡെപ്യൂട്ടേഷൻ സ്റ്റാഫിനെ തിരിച്ചുവിളിക്കുന്നതിനും കൂടുതൽ സ്റ്റാഫിനെ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം

. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കേരള ആരോഗ്യ സർവ്വകലാശാലയുടെ പ്രഥമ

സ്റ്റാറ്റ്യൂട്ട് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് പോകുന്നത് മറ്റ് സർവ്വകലാശാലകളിൽനിന്നും സർക്കാർ വകുപ്പുകളിൽനിന്നുമുള്ള ഡെപ്യൂട്ടേഷൻ ഉദ്യോഗസ്ഥരുടേയും കരാർ ദിവസ വേതന ഉദ്യോഗസ്ഥരുടേയും സേവനം ഉപയോഗിച്ചാണ്. ഇവിടെ പുതുതായി 50 തസ്തിക സൃഷ്ടിക്കാനുള്ള തീരുമാനം ധനകാര്യ വകുപ്പിന്റെ പരിഗണന യിലാണ്. ഈ സാഹചര്യത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ ഉദ്യോഗസ്ഥരെ തിരികെ വിളിച്ച നടപടി പിൻവലിക്കണമെന്നും പ്രസ്തുത ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കണമെന്നും ആരോഗ്യ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (25) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി

ശ്രീ. റ്റി.എ. അഹ്മദ് കബീർ: മങ്കട നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം ഗ്രാപഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയെങ്കിൽ മാത്രമേ മങ്കട നിയോജകമണ്ഡലത്തിൽപ്പെട്ട അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കാൻ കഴിയുകയുള്ളു. സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ ഈ വർഷം ആരംഭിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറികളുടെ കൂട്ടത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## (26) ആരോഗ്യവകുപ്പിൽ ആശ്രിത നിയമനം സംബന്ധിച്ച്

ശ്രീ. പി. ഉബൈദുള്ള: ആരോഗ്യവകുപ്പിൽ ആശ്രിത നിയമനങ്ങൾ മലപ്പുറം ജില്ലയിൽ മാത്രം നൽകുന്നതിനുപകരം ഒഴിവു വരുന്ന തസ്തികകളിൽ പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിലെ 5 ശതമാനം ഒഴിവുകളാണ് ആശ്രിത നിയമനത്തിന് മാറ്റിവച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹു: കേരള ഹൈക്കോടതി നിർദ്ദേശിച്ചതിനെത്തുടർന്ന് നിയമനം ലഭിക്കാൻ അർഹതയുള്ള മുഴുവൻ ഉദ്യോഗാർത്ഥികളേയും നിയമിക്കുവാനും ഒഴിവുകളില്ലെങ്കിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനങ്ങൾ നൽകുവാനും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ആരോഗ്യ വകുപ്പിൽ 17 പേർക്ക് മാത്രമാണ് ആശ്രിത നിയമനം നൽകിയിട്ടുള്ളത്. ആശ്രിത നിയമനം നൽകുന്നതുമൂലം പി.എസ്.സി. റാങ്ക്ലിസ്റ്റിൽ ഉള്ളവർക്ക് അവസരം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴ് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനൊന്ന് മുതൽ പതിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

### എസ്.ആർ.ഒ.കൾ സമർപ്പിക്കുന്നതിനുള്ള കാലതാമസം

ശ്രീ. എം. ഉമ്മർ: കേരളാ ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾ 2012, കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾ 2012, കേരളാ ക്യാപ്റ്റീവ് എലിഫന്റ്സ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് റൂൾ 2012 എന്നീ ചട്ടങ്ങൾ പുറപ്പെടുവിച്ചശേഷം സഭയുടെ ഒന്നിലേറെ സമ്മേളനങ്ങൾ കഴിഞ്ഞെങ്കിലും സഭ മുമ്പാകെ ഇതേവരെ ഈ ചട്ടങ്ങൾ വയ്ക്കാത്തതിനാൽ സഭാംഗങ്ങൾക്ക് ഭേദഗതികൾ കൊണ്ടുവരാനുള്ള അവസരം നിഷേധിക്കുകയാണ്. തുടരെത്തുടരെ സഭയോടുള്ള ഈ അവഗണന ആശാസ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ ചെയറിന്റെ റൂളിംഗും അനന്തര നടപടികളുമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളാ ക്യാപ്റ്റീവ് എലിഫന്റ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് റൂൾ 2012-ന്റെ 870/2012-ാം നമ്പർ എസ്.ആർ.ഒ. 20-12-2012-ന് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടം മലയാളത്തിൽക്കൂടി പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ച തിന്റെ അടിസ്ഥാനത്തിൽ കരട് വിജ്ഞാപനം തയ്യാറാക്കിയതിൽ ചില

ഭേദഗതി വേണമെന്ന് നിയമ വകുപ്പ് നൽകിയ ഉപദേശം അനുസരിച്ച് ഭേദഗതികൾ വരുത്തിയ കരട് വിജ്ഞാപനം സൂക്ഷ്മ പരിശോധനയ്ക്കായി 12-03-2013-ൽ നിയമ വകുപ്പിന് നൽകിയിരിക്കുകയാണ്. പരാമർശ വിധേയമായ ചട്ടങ്ങളുടെ മലയാള ഭാഷയിലുള്ള വിജ്ഞാപനംകൂടി പ്രസിദ്ധീകരിച്ച ശേഷം ഒന്നിച്ച് നിയമസഭയുടെ മുമ്പാകെ സമർപ്പിക്കാമെന്ന ധാരണയിലാണ് ഇംഗ്ലീഷിലുള്ള ചട്ടത്തിന്റെ പകർപ്പുകൾ മാത്രമായി സമർപ്പിക്കാതിരുന്നത്. ആയതിനാൽ പ്രസിദ്ധീകരിച്ച ചട്ടങ്ങൾ എത്രയുംവേഗം നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 20-07-2012-ലെ ജി.ഒ. (എം.എസ്) 5/12 സി.എ.ഡി. പ്രകാരം വിജ്ഞാപനം ചെയ്ത 2012-ലെ കേരളാ ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾ ഗവൺമെന്റ് പ്രസ്സിൽനിന്നും എക്സ്ട്രാ ഓർഡിനറി ഗസറ്റായി പ്രിന്റ് ചെയ്ത് കിട്ടിയ എസ്.ആർ.ഒ. നമ്പർ 584/12-ന്റെ 150 പകർപ്പുകൾ വിഷയ നിർണ്ണയ സമിതിക്ക് സൂക്ഷ്മ പരിശോധനയ്ക്കും തുടർ നടപടികൾക്കുമായി 08-02-2013-ൽ നിയമസഭാ സെക്രട്ടറിയുടെ പേരിൽ അയച്ചുകൊടുത്തു. സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി പ്രത്യേക പകർപ്പോ ആമുഖകത്തോ സമർപ്പിച്ചിരുന്നില്ല. കാലതാമസം നേരിട്ടതിലുള്ള സ്റ്റേറ്റ്മെന്റ് ഇതിനോടകം സമർപ്പിച്ചിട്ടുണ്ട്. വിജ്ഞാപനം യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ കഴിയാതിരുന്നതിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾ 2012, 30–10–2012–ൽ ഉത്തരവായത്. ഗസറ്റ് നോട്ടിഫിക്കേഷനുവേണ്ടി 05–11–2012 –ന് ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ടിന് അയയ്ക്കുകയുണ്ടായി. എസ്.ആർ.ഒ. നോട്ടിഫിക്കേഷന്റെ പകർപ്പുകൾ ഈ സമ്മേളനത്തിൽതന്നെ സഭ മുമ്പാകെ സമർപ്പിക്കുന്നതാണ്. വിജ്ഞാപനം പുറപ്പെടുവിച്ച ഉടൻതന്നെ പ്രസ്തുത റൂൾസ് നിയമസഭ മുമ്പാകെ സമർപ്പിക്കാതെവന്ന വീഴ്ചയിൽ ഖേദം പ്രകടിപ്പിക്കുകയും കാലതാമസം മാപ്പാക്കണമെന്ന് സഭയോട് അപേക്ഷിക്കുകയും ചെയ്യുന്നു.

## റൂളിംഗ്

മി. സ്പീക്കർ: 2012–ലെ കേരളാ ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾ 17–08–2012–ലും കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾ 06–11–2012–ലും കേരളാ ക്യാപ്റ്റീവ് എലിഫന്റ്സ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് റൂൾ 20–12–2012–ലും പ്രസിദ്ധീകരിച്ചതാണ്. കേരള നിയമസഭാ നടപടി ചട്ടം 166(1) പ്രകാരവും ഈ എസ്.ആർ.ഒ.കൾ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണെങ്കിലും അവ കേന്ദ്ര നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ചട്ടങ്ങളാകയാൽ ഭേദഗതി നോട്ടീസ് നൽകുന്നതിന് അംഗങ്ങൾക്ക് അധികാരമില്ല. 1998 സെപ്റ്റംബർ 10–ന് പുറപ്പെടുവിച്ച ഡയറക്ഷൻ നമ്പർ 17 പ്രകാരം പാർലമെന്റിന്റെ ആക്ട് ഉൾക്കൊള്ളുന്ന വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾ, അവ പുറപ്പെടുവിച്ച തീയതിക്ക് ശേഷമുള്ള തൊട്ടടുത്ത സമ്മേളനത്തിലോ

അല്ലെങ്കിൽ പ്രസ്തുത തീയതി മുതൽ രണ്ട് മാസമോ ഇവയിൽ ഏതാണ് ആദ്യം വരുന്നത് അതിന് മുമ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് ലഭ്യമാക്കേണ്ടതും കാലതാമസം ഉണ്ടാകുന്നപക്ഷം കാരണം കാണിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുമാണ്. ഇവിടെ പരാമർശിച്ചതിൽ ആദ്യ രണ്ട് ചട്ടങ്ങൾ 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച ആറാം സമ്മേളന കാലയളവിലും മൂന്നാമത്തെ ചട്ടം 2013 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ച ഏഴാം സമ്മേളന കാലയളവിലും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടവയായിരുന്നു. ഇവ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇന്ന് അവ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു. സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണം ലഭിച്ചശേഷം മാത്രമേ എസ്.ആർ.ഒ. കൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാവൂ എന്ന നിബന്ധനയില്ല. അടിയന്തിര സാഹചര്യങ്ങളിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ അവ പുറപ്പെടുവിച്ച ശേഷം ഉടൻതന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയും മന്ത്രിമാരും വീഴ്ച സമ്മതിച്ചത് നല്ല കീഴ്വഴക്കമാണെന്ന് അഭിപ്രായപ്പെടുന്നതോടൊപ്പം ഉദ്യോഗസ്ഥർ കുറേക്കൂടി ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(1) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. കെ.ടി. ജലീൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മലയാള ഭാഷയുടെ പരിപോഷണത്തിനായി കൊണ്ടുവന്ന ഈ ബില്ലിന്റെ പേരിലെ അവ്യക്തത നീക്കണം. എട്ടാം വകുപ്പിൽ "ഫാക്കൽറ്റികളിലും പഠന ബോർഡുകളിലും പ്രഗൽഭരായവരെ ക്ഷണിക്കുവാനുള്ള വകുപ്പ്" എന്ന് ചേർക്കണം. വനിതകളുടെ പ്രാതിനിധ്യം "രണ്ട്" ആക്കിയും ജനറൽ കൗൺസിലിന്റെ കാലാവധി "നാല് "വർഷമാക്കിയും ഭേദഗതി ചെയ്യണം. 11 (1)-ൽ "പുന: പരിശോധനയ്ക്ക് വിധേയമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട സമിതികളുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ" എന്ന് ഭേദ ഗതി ചെയ്യണം. അക്കാദമിക സമിതികളുടെ തീരുമാനം റദ്ദാക്കാൻ സെനറ്റിന് അധികാരം നൽകാൻ പാടില്ല. രണ്ടോ മൂന്നോ എം.എൽ.എ.മാരെ കൂടി ജനറൽ കൗൺസിലിൽ ഉൾപ്പെടുത്തണം. 11 (ഡി)-യിൽ "നിർവ്വാഹക സമിതി പാസ്സാക്കിയ ഏതെങ്കിലും റഗുലേഷനോ ഉത്തരവോ ആക്ടിനും സ്റ്റാറ്റ്യൂട്ടിനും വിരുദ്ധമാണെങ്കിൽ ആയത് ബന്ധപ്പെട്ട സമിതികളുടെ പുന:പരിശോധനയ്ക്കും പരിഗണനയ്ക്കും ഭേദഗതി നിർദ്ദേശത്തോടെ തിരി

ച്ചയയ്ക്കുക"എന്ന രീതിയിൽ മാറ്റണം. 11(എഫ്)–ലെ അവസാനത്തെ വാചകം " ഗവേഷണത്തിനോ അപ്രകാരമുള്ള മറ്റ് തസ്തികകളും അക്കാദമിക് കൗൺസിലിന്റെ ഉപദേശമനുസരിച്ച് ഏർപ്പെടുത്തുക" എന്ന് ഭേദഗതി ചെയ്യണം. 11(ജി)—യുടെ അവസാന വാചകത്തിൽ "ബന്ധപ്പെട്ട പഠനവിഭാഗങ്ങളുടെ അല്ലെങ്കിൽ പഠനബോർഡുകളുടെ അല്ലെങ്കിൽ അക്കാദമിക് കൗൺസിലിന്റെ ശുപാർശ അനുസരിച്ച് ഏർപ്പെടുത്തുക" എന്ന് ചേർക്കണം. 11 (ഒ)–യിൽ പറയുന്ന കാര്യങ്ങൾ വ്യക്തത വരുത്തുന്നവിധം ഭേദഗതി ചെയ്യണം. 12(4)–ൽ "യോഗത്തിൽ വൈസ് ചാൻസലർ അദ്ധ്യക്ഷം വഹിക്കേണ്ടതാണ് എന്നാൽ യോഗത്തിൽ ചാൻസലറോ പ്രോ–ചാൻസലറോ പങ്കെടുക്കുന്നുണ്ടെങ്കിൽ അവരായിരിക്കും യോഗത്തിലെ അദ്ധ്യക്ഷൻ" എന്നാക്കി മാറ്റുന്നതാണ് ഉചിതം. 14(1)–ൽ തെരഞ്ഞെടുക്കപ്പെടുന്ന ബോഡിയുടെ കാലാവധി നാലുവർഷമാക്കണം. ജനറൽ കൗൺസിലിന്റെ ഒരു പ്രതിനിധി വൈസ് ചാൻസലറെ തെരഞ്ഞെടുക്കുന്ന ഒരു ബോഡിയിൽ അംഗമാകണം. 15–ാം വകുപ്പിൽ, (യു)–നുശേഷം '(വി)' ആയി 'എന്നാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന തരത്തിൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കലും ശമ്പള നിർണ്ണയവും നടത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി തേടിയിരിക്കണം. കൂടാതെ, ഓർഡിനൻസുകളും സ്റ്റാറ്റ്യൂട്ടുകളും നിയമങ്ങളും സർവ്വകലാശാലയിലെ മറ്റു സ്റ്റാറ്റ്യൂട്ടറി സമിതികളുടെ അധികാരാവകാശങ്ങളിൽ ഇടപെടുന്നതോ കവരുന്നതോ ആണെങ്കിൽ ബന്ധപ്പെട്ട സമിതിയുടെ അഭിപ്രായം തേടിയശേഷമേ

തീരുമാനമെടുക്കാവൂ.' എന്ന ഒരു വകുപ്പുകൂടി ചേർക്കണം. വകുപ്പ് 16(2)-ൽ വിവിധ കലാരൂപങ്ങളുടെ പേരുകൾ വ്യക്തമായി പ്രതിപാദിക്കണം. അക്കാഡമിക് കൗൺസിലിൽ പട്ടികജാതി/പട്ടികവർഗ്ഗ/സ്ത്രീ പ്രാതിനിധ്യം വേണമെന്ന നിഷ്കർഷ നിർബന്ധമായും ഉണ്ടാകണം. 17 (ഡി), (എൽ) എന്നിവയിലും ഭേദഗതി ആവശ്യമാണ്. വകുപ്പ് 20-ൽ പഠന ബോർഡുകളിലും ഫാക്കൽറ്റികളിലും പ്രഗൽഭരെ ക്ഷണിതാക്കളായി വിളിച്ചുവരുത്താനുള്ള അധികാരം വൈസ് ചാൻസലർമാരുടെ അനുവാദത്തോടെ ബോർഡ് ചെയർമാനും ഡീനിനും നൽകുന്നതായിരിക്കും ഉചിതം. 22-ാം വകുപ്പിൽ മാധ്യമ പഠനം നിർബന്ധമായും ഒരു ഫാക്കൽറ്റിയായി ഉൾപ്പെടുത്തണം. ചാൻസലറുടെ അധികാരം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തണം. ഈ ബില്ലിൽ പരമാവധി വാക്കുകൾ മലയാളത്തിൽ ഉപയോഗിക്കണം. വൈസ്ചാൻസലറാകാൻ യു.ജി.സി. അനുശാസിക്കുന്ന യോഗ്യതകളുള്ള മൂന്നിൽ കവിയാത്ത വ്യക്തികളുടെ പേരടങ്ങുന്ന ഒരു പാനലോ ഏകകണ്ഠമായി ഒരാളുടെ പേരോ നിർദ്ദേശിക്കാവുന്നതും അതിൽ നിന്നും ഒരാളെ ചാൻസലർ നിയമിക്കേണ്ടതുമാണ് എന്ന് ബില്ലിൽ വ്യക്തമായി പറയണം. 29(4)-ൽ "ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം, പുതിയ വൈസ് ചാൻസലർ നിയമിതനാകുന്നത് വരെയുള്ള കാലയളവിലേയ്ക്ക് എന്നാക്കുന്നതാണ് ഉചിതം. 30-ാം വകുപ്പിൽ "നിശ്ചിത സമയപരിധിക്കുള്ളിൽ വിളിച്ച് ചേർക്കേണ്ടതാണ്" എന്ന് വ്യക്തത വരുത്തേണ്ടതാണ്. സർവ്വകലാശാല ആക്ട്, സ്റ്റ്യാറ്റ്യൂട്ട്, ഓർഡിനൻസ്, റെഗുലേഷൻ എന്നിവയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ വൈസ് ചാൻസലർക്കും പ്രോ-വൈസ് ചാൻസലർക്കും

എതിരെ ശിക്ഷാ നടപടികൾ സ്വീകിരിക്കാൻ ചാൻസലർക്ക് അധികാരം നൽകുന്ന വിധത്തിൽ 30-ാം വകുപ്പിൽ 15-ാം ഉപവകുപ്പ് കൂടി കൂട്ടി ചേർക്കണം. 32-ാമത്തെ വകുപ്പിൽ (3)-ാം ഉപവകുപ്പിൽ "സ്റ്റ്യാറ്റ്യൂട്ട്, ആക്ട്, റെഗുലേഷൻ തുടങ്ങിയവയിലെ ബന്ധപ്പെട്ട പ്രസക്ത നിയമങ്ങൾ ഭരണ സമിതികളുടേയും വൈസ്ചാൻസലർ തുടങ്ങിയ അധികാരികളുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് രജിസ്ട്രാർ ബാധ്യസ്ഥനാണ്" എന്നുകൂടി ഉൾപ്പെടുത്തണം. രജിസ്ട്രർക്കെതിരെ നടപടി കൈക്കൊള്ളാൻ ചാൻസലർക്ക് അധികാരം നൽകുന്ന ഒരു വകുപ്പുകൂടി 32-ാം വകുപ്പിൽ കൂട്ടി ചേർക്കണം. 39-ാം വകുപ്പിലെ (എ) യിൽ യു.ജി.സി. അനുശാസിക്കുന്ന സേവന-വേതന വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കേണ്ടതാണ്" എന്ന് ചേർക്കുന്നതായിരിക്കും നല്ലത്. മലയാള സർവ്വകലാശാലാ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടും പെൻഷൻ ഫണ്ടും ട്രഷറികളിലോ പൊതുമേഖലാ ബാങ്കുകളിലോ സർക്കാർ ഗ്യാരന്റിയുള്ള ധനകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിലോ നിക്ഷേപിക്കേണ്ടതാണെന്നും അദ്ധ്യാപകേതര ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കാനുള്ള ഒരു വകുപ്പ് ഈ നിയമത്തിൽ കൊണ്ടുവരികയും കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും വേണം.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ശാസ്ത്ര സാങ്കേതിക വിഷയങ്ങൾകൂടി മലയാളത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കുന്ന വിധത്തിൽ ഭാവി വിജ്ഞാനത്തിന്റെ ഭാഷയായി മലയാളത്തെ

മാറ്റാൻ ഈ സർവ്വകലാശാലയ്ക്ക് കഴിയണം. വൈജ്ഞാനിക മാനവിക വിഷയങ്ങൾ കൈകാര്യം ചെയ്യാൻ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രാപ്തരാക്കുന്ന പഠന ഗവേഷണ പ്രവർത്തനങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. മാനവികതയുടെ ഉദാത്തമായ മേഖലകൾ അന്വേഷിച്ചു കൊണ്ടുള്ള ഗവേഷണത്തിന് പുതിയ സർവ്വകലാശാലയിൽ പ്രാമുഖ്യം കൊടുക്കണം. ജനറൽ കൗൺസിലിൽ എക്സ്-ഓഫിഷ്യോ അംഗളുടെ എണ്ണം വർദ്ധിപ്പിച്ചതിനോട് യോജിക്കാൻ കഴിയില്ല. ഈ ബില്ലിലെ 8,9 ക്ലാസ്സുകൾ നീക്കം ചെയ്യണം. അക്കാദമിക് രംഗത്ത് ദൂരവ്യാപക പ്രത്യാഘാ തങ്ങളുണ്ടാക്കുന്ന നടപടികളും നിലപാടുകളുമാണ് ഈ സർക്കാർ സ്വീകരി ച്ചുകൊണ്ടിരിക്കുന്നത്. മലയാളത്തോട് പ്രതിബദ്ധതയുണ്ടെങ്കിൽ വിദ്യാഭ്യാ സ/ഭരണ രംഗങ്ങളിലും കോടതികളിലും മലയാളം ഒന്നാംഭാഷയായി ഉപ യോഗിക്കാനുള്ള നിയമനിർമ്മാണം നടത്തുന്നതിന് തയ്യാറാകണം. സി.ബി. എസ്.ഇ. സ്കൂളുകളിൽ മലയാളം നിർബന്ധിത ഭാഷയാക്കേണ്ടതില്ലെന്ന കോടതി വിധിക്കെതിരെ അപ്പീൽ നൽകാൻ സർക്കാർ തയ്യാറാകാത്തത് അപ ലപനീയമാണ്. മാതൃഭാഷ പഠിച്ചാൽ മാത്രമേ നമ്മുടെ തനത് സംസ്കാര ത്തെയും സാമൂഹിക പ്രതിബദ്ധതയെയും സംബന്ധിച്ച് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

ഡോ. എൻ. ജയരാജ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിൽ വന്നിട്ടുള്ള ഇംഗ്ലീഷ് പദങ്ങൾ കഴിയുന്നതും ഒഴിവാക്കേണ്ടതാണ്. എല്ലാവിധ ആധുനിക

വിജ്ഞാന ശാഖകളും മലയാളത്തിൽ പഠിക്കാനും അവ നൂതനമായ അവ ബോധത്തോടെയും സൂക്ഷ്മതയോടുംകൂടി ഉൾക്കൊള്ളാനും നേട്ടങ്ങളെ ലോകത്തിനു മുമ്പിൽ സമർപ്പിക്കാനും വൈജ്ഞാനിക കാഴ്ചപ്പാടു കളെക്കുറിച്ച് ചർച്ച ചെയ്യുവാനും കരുത്തുണ്ടാക്കുന്ന തരത്തിൽ ഭാഷയെ സജ്ജമാക്കണം. സാഹിത്യ-സാംസ്കാരിക പഠനത്തിനുള്ള വേദിയായും നാടിന്റെ വിഭവങ്ങളും സാധ്യതകളും കണ്ടെത്താനുള്ള വേദിയായി ഈ സർവ്വകലാശാല മാറണം. കേവലം ഡിഗ്രി കൊടുക്കാനുള്ള സർവ്വകലാശാല യായി മാറ്റാതെ ശാസ്ത്രവും സാമൂഹികവുമായ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന തരത്തിലേക്ക് ഈ സർവ്വകലാശാല മാറണം. ആധുനിക സാങ്കേതിക വിദ്യയുമായി മലയാള ഭാഷയെ ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ സർവ്വകലാശാലയിൽ ഉണ്ടാകണം. മലയാള ഭാഷയേയും സംസ്കാരത്തേയും പുഷ്ടിപ്പെടുത്തുന്ന നടപടികളുമായി ഈ സർവ്വകലാ ശാല മുന്നോട്ടു പോകണം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദീർഘവീക്ഷണമോ സർവ്വകലാശാല യുടെ ഭാഗമായുണ്ടാകേണ്ട വിജ്ഞാന ഉത്പാദനത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകളോ ഇല്ലാത്ത ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. മലയാളത്തെ ഒരു വിജ്ഞാനഭാഷയാക്കി മാറ്റണം. ഭൂതകാലത്തെക്കുറിച്ചും പഴമയെക്കുറിച്ചും നാടോടിവിജ്ഞാനത്തെക്കുറിച്ചും പഠിക്കാൻ മലയാളവും ഭാവിയെക്കുറിച്ചും നവീന വിജ്ഞാനത്തെക്കുറിച്ചും പഠിക്കാൻ അന്യഭാഷക

ളും എന്ന സങ്കൽപ്പമാണ് ഈ ബില്ലിലൂടെ കാണാൻ കഴിയുന്നത്. ഫോസിലുകളുടെ സ്മാരകമായി മലയാള സർവ്വകലാശാല മാറരുത്. മലയാള സർവ്വകലാശാലയല്ല മലയാളത്തിന് ഒരു സർവ്വകലാശാലയാണ് വേണ്ടത്. മലയാളിക്ക് മലയാള ഭാഷയിലൂടെ സർവ്വവിജ്ഞാനങ്ങളും വെട്ടിപ്പിടിക്കാനുള്ള ഒരു കേന്ദ്രമായി ഈ മലയാളസർവ്വകലാശാലയെ മാറ്റണം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുപോലുള്ള സ്ഥാപനങ്ങളുടെ വികാസം ഈ സർവ്വകലാശാല വഴി സ്ഥാപിച്ചെടുക്കണം. മോളിക്യൂലർ ബയോളജി, ബയോ കെമിസ്ട്രി തുടങ്ങിയവയും ഈ സർവ്വകലാശാലയിൽ പഠിക്കാൻ സംവിധാനമുണ്ടാക്കണം. ഈ സർവ്വകലാശാലയിൽനിന്ന് പാസ്സായി വരുന്നവർക്ക് ജോലി ഉറപ്പുവരുത്തണം. ഭാഷയിലൂടെ വിജ്ഞാനം ലഭ്യമാക്കുന്ന സ്ഥിതിയുണ്ടാകണം. കേരളത്തിന്റെ വികസന സാധ്യതകളും പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യയും പഠന വിഷയമാക്കണം. നാട്ടുഭക്ഷണം, വിവിധ പ്രകൃതി ജീവന രീതികൾ, ഗൃഹ വൈദ്യം എന്നിവയിൽ ഗവേഷണങ്ങളും ഹ്രസ്വകാല-ദീർഘകാല കോഴ്സുകളും ഉണ്ടാകണം. മലയാള ഭാഷാ ശാസ്ത്രം, ദ്രാവിഡ ഭാഷകൾ, ഇന്ത്യൻ ഭാഷകൾ, പ്രകൃതി ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രങ്ങൾ, വിവര സാങ്കേതികവിദ്യ, മാധ്യമപഠനങ്ങൾ ഇതെല്ലാം പാഠ്യ വിഷയങ്ങളിൽ ഉൾപ്പെടുത്തണം. സർവ്വകലാശാലയുടെ ആവശ്യത്തിന് ഭൂമി പാട്ടത്തിന് കൊടുക്കുന്നതിനോ വിൽക്കുന്നതിനോ അവകാശമുണ്ടെന്ന വകുപ്പ് പൂർണ്ണമായും ഒഴിവാക്കണം. നിയമസഭ തെരഞ്ഞെടുക്കുന്നവരായിരിക്കണം സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങളിൽ വരേണ്ടത്. തർക്കം വന്നാൽ ചാൻസലർക്ക് വിടണമെന്ന് പറയുന്നത് ജനാധിപത്യ ധ്വംസനമാണ്. മലയാള സർവ്വകലാശാലയിലെ നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി.-ക്ക് വിടണമെന്ന നിബന്ധനയുണ്ടാക്കണം.

ശ്രീ. സി.പി. മുഹമ്മദ്: ഒരു വ്യക്തിയുടെ മൗലിക ചിന്ത കൂടുതൽ രൂപപ്പെടുന്നത് മാതൃഭാഷയിലാണ്. പുതിയ സർവ്വകലാശാല മലയാളിയുടെ ജീവിതവുമായി ബന്ധപ്പെട്ട സർവ്വജ്ഞാന മണ്ഡലങ്ങളേയും ഉൾക്കൊള്ളുന്ന, പഠന-ഗവേഷണാതി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ കഴിയുന്ന ഉന്നത കേന്ദ്രമാകണം. ചരിത്രവും ദർശനവും ശാസ്ത്രവും സംസ്കാരവും മാത്രമല്ല ആധുനിക വിജ്ഞാനവും മലയാളത്തിൽ പഠിക്കാനും പഠിപ്പിക്കാനുമുള്ള സൗകര്യം ഉണ്ടാകണം. മെഡിക്കൽ വിദ്യാഭ്യാസം മലയാളത്തിലാക്കാൻ ശ്രമങ്ങളുണ്ടാകണം. വിവിധ ലോകഭാഷാ വിജ്ഞാനങ്ങൾ മലയാളത്തിലേക്കും മലയാളത്തിലെ വിജ്ഞാനങ്ങൾ ലോകഭാഷകളിലേയ്ക്കും പരിഭാഷപ്പെടുത്തണം. ഉന്നത വിദ്യാഭ്യാസവും മാതൃഭാഷയിലാക്കാൻ നടപടികൾ സ്വീകരിക്കണം. മലയാളം നിർബന്ധമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും അതിനെ തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ അടിയന്തിര നിയമനിർമ്മാണം നടത്തണം. ദൃശ്യമാധ്യമങ്ങളിലൂടെ മലയാളത്തെ വികൃതമാക്കാനുള്ള ശ്രമങ്ങളെ തടയണം. സെക്രട്ടേറിയറ്റിലും നിയമസഭയിലും മലയാളം പരിപൂർണ്ണമാക്കാൻ സമയബന്ധിതമായി പരിപാടികളുണ്ടാക്കണം. കോടതി ഭാഷ മലയാളത്തിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പുതിയ മലയാള സർവ്വകലാശാലയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വവിജ്ഞാനകോശം, മലയാളം ലെക്സിക്കൺ, മാനുസ്ക്രിപ്റ്റ് ലൈബ്രറി, സംഗീത-സാഹിത്യ അക്കാദമികൾ, ലളിതകലാ അക്കാദമി ഇവയെല്ലാം ഏകോപിപ്പിക്കുകയും അതിന്റെ മേധാവികളെ ജനറൽ കൗൺസിലിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വൈജ്ഞാനിക പാരമ്പര്യവും സാംസ്ക്കാരിക വൈവിധ്യവും നാടോടി സംസ്ക്കാരത്തിന്റെ തിരുശേഷിപ്പുകളും പഠനവിധേയമാക്കണം. തർജ്ജമ പ്രസിദ്ധീകരണ വിഭാഗം ഉണ്ടാകണം. ഫാക്കൽറ്റിക

ളായി മലയാള ഭാഷാശാസ്ത്രം, ദ്രാവിഡ ഭാഷകൾ, പ്രാചീന ഇൻഡ്യൻ ഭാഷകൾ, സംസ്കൃതം, പ്രാകൃതം, മറ്റ് ഇൻഡ്യൻ ഭാഷകൾ, ഏഴ് യൂറോപ്യൻ ഭാഷകൾ, പ്രകൃതി ശാസ്ത്രങ്ങൾ, തുടങ്ങി വിവിധങ്ങളായ വിഷയങ്ങൾ ഉണ്ടാകണം. മലയാളം സർവ്വകലാശാല എന്നതിനുപകരം മലയാള സർവ്വകലാശാല എന്ന് തിരുത്തണം. കുഞ്ചൻ നമ്പ്യാരുടേയും പുന്നശ്ശേരി ഗുരുനാഥന്റേയും പേരിൽ ചെയർ ഏർപ്പെടുത്തി പട്ടാമ്പി സംസ്കൃത കോളേജിനെ മലയാള സർവ്വകലാശാലയുടെ സബ്സെന്റർ ആയി അംഗീകരിക്കണം. മൂന്ന് എം.എൽ.എ.മാരെക്കൂടി നിർവ്വാഹക സമിതി അംഗങ്ങളാക്കുകയും അതിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടതായിരിക്കുകയും വേണം.

ശ്രീ. മുല്ലക്കര രത്നാകരൻ: മലയാളം പഠിപ്പിക്കുകയും ഡിഗ്രി സർട്ടിഫിക്കറ്റുകൾ കൊടുക്കുകയും ചെയ്യുന്നതിലുപരി മലയാളിയുമായി ബന്ധപ്പെട്ട സാംസ്ക്കാരിക കാര്യങ്ങൾ, ജീവിത പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ഗവേഷണം നടത്താനുള്ള ഒരു സർവ്വകലാശാലയായി ഇത് മാറണം. അന്യ ഭാഷയുടെ കടന്നുകയറ്റം മാതൃഭാഷയുടെ നാശത്തിന് ഇടയാകരുത്. അധികാരവർഗ്ഗത്തിന്റെയും അദ്ധ്വാനവർഗ്ഗത്തിന്റെയും ഭാഷ മലയാളമായിരിക്കണം. മലയാളത്തിന്റെ തനത് സംസ്കാരവും ജീവിതരീതിയും നിലനിർത്തുന്നതിന് പ്രയോജനകരമാകുന്ന വിധത്തിലായിരിക്കണം മലയാളം സർവ്വകലാശാല പ്രവർത്തിക്കേണ്ടത്. ഈ ബില്ലിൽ ഉപയോഗിച്ചിട്ടുള്ള ഇംഗ്ലീഷ് വാക്കുകൾ ഒഴിവാക്കണം. മലയാളം സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഉത്തരവുകൾ ശുദ്ധമലയാളത്തിലായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മലയാളഭാഷയ്ക്ക് പുത്തൻ സംഭാവനകൾ നൽകാൻ പ്രാപ്തിയുള്ള ഏതൊരാൾക്കും അതുസംബന്ധിച്ച് ഗവേഷണം നടത്തുന്നതിന് ഈ സർവ്വകലാശാലയിൽ അവസരം നൽകണം. മലയാളം സർവ്വക

ലാശാലയുടെ പേര് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ സർവ്വകലാശാല എന്നാക്കി മാറ്റണം. ഈ ബില്ലിന്റെ പേര് 'തുഞ്ചത്ത് രാമാനുജൻ എഴുത്ത ച്ഛൻ മലയാള സർവ്വകലാശാല' എന്നാക്കി മാറ്റണം. എല്ലാ ഭാഷകളുമായും താരതമ്യപ്പെടുത്താനും ഓരോ വാക്കിന്റെയും സാംസ്കാരിക പ്രാധാന്യം ഉൾപ്പെടെ കണ്ടെത്താനും മറ്റ് ഭാഷകളുമായുള്ള താരതമ്യ പഠനം നടത്താനും കഴിയത്തക്കവിധത്തിലുള്ള മാറ്റങ്ങൾ ഈ ബില്ലിൽ വരുത്തണം.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

143, 144, 145, 147, 148, 151, 152, 153, 154, 157, 158, 159, 161, 162, 163, 165, 166, 169, 170, 171, 173, 177, 180, 181, 182, 183, 184, 185, 187, 189, 190, 191, 194, 196, 197, 199, 200, 202, 203, 204, 205, 206, 207, 209, 210, 211, 213, 214, 215, 216, 218, 220, 221, 222എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു. താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

143 - ഖണ്ഡം 2-ൽ " ആക്റ്റിൽ" എന്ന വാക്കിന് പകരം " നിയമ ത്തിൽ" എന്ന വാക്ക് ചേർക്കുക.

144 – ഖണ്ഡം 2(എ)-യിൽ " അക്കാഡമിക് കൗൺസിൽ" എന്ന വാക്ക് വരുന്നിടത്തെല്ലാം "പണ്ഡിത സഭ" എന്നീ വാക്കുകൾ ചേർക്കുക.

151 – ഖണ്ഡം 2 (സി)-യിൽ "പഠന ബോർഡ്" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം പകരം "പഠന സമിതി" എന്നീ വാക്കുകൾ ചേർക്കുക.

174 – ഖണ്ഡം 2 (ഐ)-യിൽ "(ഐ)" എന്നതിനു പകരം "(ഏ)" എന്നു ചേർക്കുകയും "ജനറൽ കൗൺസിൽ" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം പകരം "പൊതുസഭ" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

191 – ഖണ്ഡം (2) (എൻ)-ൽ "പ്രോ-വൈസ് ചാൻസിലർ"എന്നീ വാക്കുകൾക്ക് പകരം "പ്രോവൈസ് ചാൻസലർ" എന്നീ വാക്കുകൾ ചേർക്കുക.

192 – ഖണ്ഡം 2 (എൻ)-ൽ "ചാൻസിലർ" എന്ന വാക്കിന് പകരം "ചാൻസലർ" എന്ന വാക്ക് ചേർക്കുക.

200 – ഖണ്ഡം 2(പി)-യിൽ "ഗവേഷണ കൗൺസിൽ" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം "ഗവേഷണ സഭ"എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

224, 225, 226, 227, 230, 233, 234, 235, 236, 237, 238, 239, 240, 241, 242, 243, 244, 246, 247, 248, 249, 250, 251, 252, 253 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

225. ഖണ്ഡം 3(1)-ൽ " തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല" എന്നീ വാക്കുകൾക്ക് പകരം " തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല " എന്നീ വാക്കുകൾ ചേർക്കുക.

226. ഖണ്ഡം 3(1)-ൽ " ആക്റ്റിൽ" എന്ന വാക്കിനു പകരം "നിയമത്തിൽ" എന്ന വാക്കും " ജനറൽ കൗൺസിൽ" എന്നീ വാക്കുകൾക്ക് പകരം " പൊതുസഭ" എന്ന വാക്കും ചേർക്കുക.

233. ഖണ്ഡം 3(1)-ൽ "പഠന ബോർഡുകൾ" എന്നീ വാക്കുകൾക്ക് പകരം "പഠന സമിതികൾ "എന്നീ വാക്കുകൾ ചേർക്കുക.

237. ഖണ്ഡം 3(1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) "തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല" എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കേണ്ടതും അതിൽ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു സർവ്വകലാശാല അദ്ധ്യക്ഷൻ, ഒരു സർവ്വകലാശാല ഉപാദ്ധ്യക്ഷൻ, ഒരു സർവ്വകലാശാല അധികാരി, ഒരു പൊതുസഭ, ഒരു നിർവ്വാഹക സമിതി, ഒരു പണ്ഡിത സഭ, ഒരു ഗവേഷണ സഭ, വൈജ്ഞാനിക ശാഖാ ഉപസമിതികൾ, പഠനവിഭാഗം കൂടാതെ മറ്റ് അധികാരസ്ഥാനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നതുമാണ്."

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 247–ാം നമ്പർ ഭേദഗതി 57–നെതിരെ 68 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4–ാം വകുപ്പ്

254, 255, 256, 257, 258, 259, 260, 261, 262, 262(എ), 263, 265 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

256. ഖണ്ഡം 4(1) താഴെ പറയും പ്രകാരം മാറ്റുക:

“ (1) സർവ്വകലാശാലയുടെ പ്രാദേശിക പ്രവർത്തന പരിധി ഇന്ത്യ മുഴുവനുമായിരിക്കുന്നതാണ്. ”

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5–ാം വകുപ്പ്

266, 267, 269, 270, 271, 272, 272 എ), 274, 275, 276, 277, 278, 279, 280, 281, 282, 283, 284, 285, 286, 287, 288, 289, 290, 291, 292, 293, 294, 296, 297, 298, 299, 300, 301, 302, 303, 304, 305, 306, 307, 308, 309, 310, 311, 312, 313 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

266. ഖണ്ഡം 5-ൽ ഉപഖണ്ഡം (എ) ആയി താഴെപ്പറയുന്നവ ചേർക്കുകയും നിലവിലുള്ള ഉപഖണ്ഡങ്ങൾ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(എ) മലയാളി സമൂഹത്തിൽ മാതൃഭാഷയെ സംബന്ധിച്ച അഭിമാനം വളർത്താനും, പഠനങ്ങൾ പ്രോത്സാഹിപ്പിക്കാനും ഉതകുന്ന വിവിധ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക."

270. ഖണ്ഡം 5 (എ)-യിൽ " മലയാള സാഹിത്യത്തിന്റെയും" എന്നീ വാക്കുകൾക്കുശേഷം "മലയാള മാധ്യമത്തിലൂടെ ശാസ്ത്ര-മാനവിക-സാമൂഹ്യ ശാസ്ത്ര സാങ്കേതിക ശാസ്ത്ര മേഖലയുടെയും" എന്നീ വാക്കുകൾ ചേർക്കുക.

275. ഖണ്ഡം 5 (എ)-യിൽ " പ്രാദേശിക ഭാഷാപഠനം" എന്നതിനു ശേഷം "കവിത, ചെറുകഥ, നോവൽ എന്നീ വിഭാഗങ്ങളുടെ പഠനം" എന്നീ വാക്കുകൾ ചേർക്കുക.

276. ഖണ്ഡം 5 (എ)-യിൽ " കേരള നവോത്ഥാന ചരിത്രപഠനം" എന്നതിനു ശേഷം " ശാസ്ത്ര സാങ്കേതിക ശാസ്ത്ര സാമൂഹിക ശാസ്ത്രം " എന്നീ വാക്കുകൾ ചേർക്കുക.

288 ഖണ്ഡം 5 (ബി)-യിൽ " ദുർഗ്രഹമായ സാംസ്ക്കാരികഭാവാവിഷ്ക്കാരങ്ങൾ " എന്നീ വാക്കുകൾ ഒഴിവാക്കുക.

296. ഖണ്ഡം 5 (ബി)-യിൽ " ഫോക്‌ലോർ" എന്ന വാക്കിനുപകരം

"നാടൻ കല" എന്നീ വാക്കുകൾ ചേർക്കുക.

312 ഖണ്ഡം 5 (ഇ)-യ്ക്കു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം

ചേർക്കുക.

"(എഫ്) കേരളത്തിന്റെ സംസ്കാരം, പൈതൃകം, ഭാഷ എന്നിവ

യെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുക."

ശ്രീ. ബെന്നി ബെഹനാന്റെ 271-ാം ഭേദഗതി 56-നെതിരെ 68 വോട്ടുകളോടെ പിൻവലിക്കപ്പെട്ടു.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

6-ാം വകുപ്പ്

315, 316, 317, 318, 319, 320, 321, 322, 323, 324, 326, 327, 329, 330 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

315. ഖണ്ഡം 6 (1)-ൽ "സർവ്വകലാശാലയിൽ" എന്ന വാക്കിന്

പകരം "സർവ്വകലാശാലയിലെ വിവിധ കോഴ്സുകൾക്ക്" എന്നീ

വാക്കുകൾ ചേർക്കുക.

316. ഖണ്ഡം 6 (1)-ൽ

(1) “ആക്റ്റിലെയും” എന്ന വാക്കിന് പകരം “നിയമത്തിലെയും” എന്ന വാക്കും “സ്റ്റാറ്റ്യൂട്ടുകളിലെയും” എന്ന വാക്കിനു പകരം “ലിഖിത നിയമങ്ങളിലെയും” എന്ന വാക്കും ചേർക്കുക.

319. ഖണ്ഡം 6(1) താഴെപ്പറയും പ്രകാരം മാറ്റുക.

“(1) സർവ്വകലാശാലയിൽ, നിയമത്തിലെയും നിയമാവലികളുടെയും വ്യവസ്ഥകൾക്ക് വിധേയമായി പഠനാർഹരെന്ന് സർവ്വകലാശാലയുടെ അക്കാദമിക സമിതി കരുതുന്ന എല്ലാ ആളുകൾക്കും പ്രവേശനം ഉണ്ടായിരിക്കുന്നതാണ് ”.

321. ഖണ്ഡം 6(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ “അക്കാഡമിക നിലവാരമില്ലാത്ത” എന്നീ വാക്കുകൾക്ക് പകരം “അക്കാദമിക് യോഗ്യതയില്ലാത്ത” എന്നീ വാക്കുകൾ ചേർക്കുക.

329. ഖണ്ഡം 6 (2) താഴെപ്പറയും പ്രകാരം മാറ്റുക.

“(1)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്ത് കാലാകാലങ്ങളിൽ നിലനില്ക്കുന്ന സംവരണ തത്വമനുസരിച്ച് സംവരണ വിഭാഗങ്ങൾക്ക് സീറ്റുകൾ സംവരണം ചെയ്യേണ്ടതാണ്”.

330. ഖണ്ഡം 6 (2)–നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക. “1–ഉം, 2–ഉം ഉപവകുപ്പുകളിലെ യാതൊരു വ്യവസ്ഥയും ഇന്ത്യാ ഗവൺമെന്റിന്റെ വ്യവസ്ഥകൾക്കനുസൃതമായി

മലയാളഭാഷയെയോ പൈതൃകത്തെയോകുറിച്ച് പഠിക്കാനും ഗവേഷണം നടത്താനും തയ്യാറായിവരുന്ന അന്യരാജ്യങ്ങളിൽ നിന്നുള്ളവർക്ക് ബാധകമാകുന്നതല്ല."

322-ാം നമ്പർ ഭേദഗതി 55-നെതിരെ 68 വോട്ടുകളോടെ സഭ നിരാകരിച്ചു.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

331, 332, 333, 334, 335, 336, 337, 338, 340, 341, 342, 343, 344, 345, 346, 347, 348, 349, 350, 351, 352, 353, 354, 355, 356, 357, 358, 359, 360, 361, 362, 363, 364, 365, 366, 367, 368, 369, 370, 371, 372, 372 (എ) , 373, 374, 375, 376, 377, 378, 379, 380, 381, 383, 384, 386, 387, 388, 389, 390, 391, 392, 393, 394, 395, 396 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു:

(339)ഖണ്ഡം 7 (ii)-ൽ "മലയാള സാഹിത്യം" എന്നീ വാക്കുകൾക്കുശേഷം "മലയാള ശൈലി" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

(335). ഖണ്ഡം 7(i)–ൽ ''ഫോക്‌ലോർ'' എന്ന വാക്കിനുപകരം ''നാടൻകല'' എന്ന വാക്ക് ചേർക്കുക.

(336). ഖണ്ഡ‌ം 7 (i) –ൽ "കളരി" എന്ന വാക്കിന് പകരം "തനത് ആയോധന കലകൾ" എന്നീ വാക്കുകൾ ചേർക്കുക.

(341). ഖണ്ഡം 7 (ii) ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" (iii) ശുദ്ധമായ മലയാള ഭാഷയും വാക്കുകളുടെ കൃത്യമായ ഉച്ചാരണവും സംരക്ഷിക്കാനും സാർവത്രികമാക്കാനും ആവശ്യമായ പ്രവർത്തനം നടത്തുക;

"(iv) കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രയോഗത്തിലുള്ളതും, ഉണ്ടായിരുന്നതുമായ മലയാളത്തിന്റെ ഭാഷാഭേദങ്ങളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുകയും തത്സംബന്ധമായ വിഷയങ്ങൾ പഠനകോഴ്സുകളുടെ ഭാഗമാക്കുകയും ചെയ്യുക."

(343). ഖണ്ഡം 7 (iii)-ൽ "മലയാള ലിപി കമ്പ്യൂട്ടർ ഉപയോഗത്തിന് കൂടുതൽ അനുയോജ്യമാക്കി തീർക്കുന്നതിനും" എന്നീ വാക്കുകൾക്ക് പകരം "മലയാളം ലിപി കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുമായി കൂടുതൽ പൊരുത്തപ്പെടുത്തുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

(345) ഖണ്ഡം 7 (iv) ൽ “ബിരുദങ്ങളും ഡിപ്ലോമകളും” എന്നീ വാക്കുകൾക്ക് ശേഷം “ബിരുദാനന്തര ബിരുദങ്ങളും ഗവേഷണ ബിരുദങ്ങളും” എന്നീ വാക്കുകൾ ചേർക്കുക.

(347)ഖണ്ഡം 7(iv)–ന്റെ അവസാന ഭാഗത്ത് താഴെപ്പറയുന്നവ ചേർക്കുക:

“ആധുനിക ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലും സാമൂഹിക മാനവിക വിഷയങ്ങളിലും തൊഴിലധിഷ്ഠിത വിഷയങ്ങളിലും മലയാള മാധ്യമത്തിലും ബിരുദ–ബിരുദാനന്തര കോഴ്സുകൾ നടത്തുക. ഏതൊരു വിഷയത്തിലും പി.എച്ച്.ഡി ഉൾപ്പെടെയുള്ള ഗവേഷണ പ്രബന്ധങ്ങൾ മലയാളത്തിലെഴുതി സമർപ്പിക്കുന്നതിനും അവ മൂല്യനിർണ്ണയം നടത്തി ബിരുദങ്ങൾ നൽകുന്നതിനും അവസരമൊരുക്കുക.”

358–ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സ്വീകരിച്ചു.

ഖണ്ഡം 7(viii) ൽ "മാധ്യമ പഠനങ്ങൾ" എന്നീ വാക്കുകൾക്ക് ശേഷം "മലയാള ചലച്ചിത്ര പഠനങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

(361). ഖണ്ഡം 7(viii) – നുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ കൂട്ടിചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

(ix) "കേരളത്തിന്റെ ഭാഷയും, സംസ്ക്കാരവും, ഭാഷാചരിത്രവും പരിപോഷിപ്പിക്കാൻ ഉതകുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക.

(x) ബിരുദ, ബിരുദാനന്തര വൈജ്ഞാനിക ഗ്രന്ഥങ്ങൾ മലയാളത്തിൽ ലഭ്യമാക്കാൻ ആവശ്യമായ പഠനഗവേഷണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക. "

(383). ഖണ്ഡം 7 (xiv) താഴെ പറയുംപ്രകാരം മാറ്റുക:

"(xiv) മലയാള ഭാഷയ്ക്കും, സാഹിത്യത്തിനും, കലയ്ക്കും വിലപ്പെട്ട സംഭാവനകൾ നൽകിയ മൺമറഞ്ഞ മഹാന്മാരുടെ പേരിൽ ചെയറുകൾ സ്ഥാപിക്കുക;"

(396) ഖണ്ഡം 7(XX) താഴെപ്പറയുംപ്രകാരം മാറ്റുക:

''(XX) മുകളിൽ പ്രതിപാദിച്ചിട്ടുള്ള അധികാരങ്ങൾക്കോ ചുമതലകൾക്കോ അനുബന്ധിതമാണെങ്കിലും അല്ലെങ്കിലും സർവ്വകലാശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്ക് ആവശ്യമായ വിധത്തിലുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുക;''

ശ്രീ. സാജുപോൾ അവതരിപ്പിച്ച 372, ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 380 എന്നീ നമ്പർ ഭേദഗതികൾ 48 നെതിരെ 67 വോട്ടുകളോടെ സഭ നിരാകരിച്ചു.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

398, 399, 400, 401, 403, 404, 406, 407, 408, 409, 411, 412, 413, 415 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

401 ഖണ്ഡം 8(i) താഴെപ്പറയും പ്രകാരം മാറ്റുക:
"(i) പൊതുസഭ"

403. ഖണ്ഡം 8(iii) താഴെപ്പറയും പ്രകാരം മാറ്റുക:
"(iii) പണ്ഡിത സഭ"

404. ഖണ്ഡം 8(iv)-ൽ " കൗൺസിൽ" എന്ന വാക്കിനുപകരം "സഭ" എന്ന വാക്ക് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

414. ഖണ്ഡം 8(viii)-ൽ " നികായങ്ങൾ" എന്ന വാക്കിനുപകരം "സ്ഥാപനങ്ങൾ" എന്ന വാക്ക് ചേർക്കുക

മന്ത്രി സ്വീകരിച്ച ഭേദഗതികളും മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

421, 422, 423, 424, 425, 426, 427, 428, 429, 430, 431, 432, 433, 434, 435, 436, 437, 438, 439, 440, 441, 442, 443, 444, 445, 446, 447, 448, 449, 450, 451, 452, 453, 454, 455, 456, 457, 458, 459, 461, 463, 464, 465, 466, 467, 469, 470, 472, 473, 475, 476, 477, 478, 479, 480, 481, 482, 483, 484, 485, 486, 487, 488, 489, 490 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

421. ഖണ്ഡം 9(എ) താഴെപറയും പ്രകാരം മാറ്റുക:

"(എ) <u>അനൗദ്യോഗിക അംഗങ്ങൾ</u>"

444 ഖണ്ഡം 9(എ)(xiv) –ന് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും തുടർന്നുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക:

"(xv) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ"

463. ഖണ്ഡം 9(എ)(xxviii) –ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:
"ചലച്ചിത്ര അക്കാദമി ചെയർമാൻ"

470. ഖണ്ഡം 9(ബി)(i) – താഴെപ്പറയും പ്രകാരം മാറ്റുക.

"(i) കേരള കലാമണ്ഡലം, കേരള സാഹിത്യ അക്കാഡമി, കേരള സംഗീത നാടക അക്കാഡമി, കേരള ലളിതകലാ അക്കാഡമി, കേരള ഫോക്ക്ലോർ അക്കാഡമി, മലയാളം മിഷൻ, കേരള പൈതൃക പഠന കേന്ദ്രം, വാസ്തുവിദ്യാ ഗുരുകുലം എന്നിവയിൽനിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അംഗങ്ങൾ ഇവരിൽ ഒരാൾ എങ്കിലും വനിതയും, ഒരാൾ എങ്കിലും പട്ടികജാതി പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടയാളും ആയിരിക്കേണ്ടതാണ്; "

481. ഖണ്ഡം 9(സി)(iv) –ൽ " ഫുൾടൈം" എന്ന വാക്കിനുപകരം

" മുഴുവൻ സമയ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

419. ഖണ്ഡം 9 ന്റെ മാർജിനൽ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.
“9. <u>പൊതുസഭ</u>”

420. ഖണ്ഡം 9 (എ) താഴെപ്പറയും പ്രകാരം മാറ്റുക.
“(അ) <u>ഔദ്യോഗികാംഗങ്ങൾ</u>”

474. ഖണ്ഡം 9(ബി)(ii) -നുശേഷം താഴെ പറയുന്നത് ചേർക്കുക:
“(iii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, അച്ചടി മാധ്യമരംഗത്തെ പ്രതി നിധീകരിക്കുന്ന ഒരാളും ദൃശ്യ-ശ്രാവ്യ മാധ്യമരംഗത്തെ പ്രതിനിധീകരിക്കുന്ന ഒരാളും.”

മന്ത്രി സ്വീകരിച്ച ഭേദഗതികളും മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗ തികളും സഭ അംഗീകരിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി 53 നെതിരെ 62 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

491, 495, 496, 497, 498, 499, 500, 501, 502, 503, 504, 505, 506 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>11-ാം വകുപ്പ്</u>

507, 509, 510, 511, 512, 513, 514, 515, 516, 517, 518, 519, 521, 522, 523, 524, 525, 526, 527, 528, 529, 530, 531, 532, 534, 535, 536, 537, 538, 539, 540, 541, 542, 543, 544, 545, 551, 552, 553, 555, 557, 558 എന്നീ നമ്പർ ഭേദ ഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

(521) ഖണ്ഡം 11 (2) (ബി)-യിൽ "ബിരുദങ്ങളും" എന്ന വാക്കിനു ശേഷം "ബിരുദാനന്തര ബിരുദങ്ങളും" എന്ന വാക്കുകൂടി ചേർക്കുക.

(523) ഖണ്ഡം 11 (2) (ബി) താഴെപ്പറയും പ്രകാരം മാറ്റുക:

"സർവ്വകലാശാല ഏതെല്ലാം ഡിപ്ലോമകളും, ബിരുദങ്ങളും, ബിരുദാനന്തര ബിരുദങ്ങളും, ഗവേഷണങ്ങളും, മറ്റ് അക്കാഡമിക് ബഹുമതികളുമാണ് നൽകേണ്ടത് എന്ന് തീരുമാനിക്കുക; "

(537) ഖണ്ഡം 11 (2) (ജി)-യിൽ,- "എമിറേറ്റ്സ്" എന്ന വാക്കിന് പകരം "ഇമെരിറ്റസ്" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

560, 563, 564, 565, 566, 567, 569, 571, 572, 573, 574, 575, 576, 577, 578 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

(575) ഖണ്ഡം 12(3) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"വൈസ് ചാൻസലർക്ക് യുക്തമെന്ന് അദ്ദേഹത്തിനു തോന്നുന്ന ഏതു സമയത്തും ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി ജനറൽ കൗൺസിലിന്റെ ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാവുന്നതാണ്. ജനറൽ കൗൺസിലിലെ ഏറ്റവും കുറഞ്ഞത് പത്ത് അംഗങ്ങളെങ്കിലും ഒപ്പിട്ട ഒരു അർത്ഥനയിന്മേൽ ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി ജനറൽ കൗൺസിലിന്റെ ഒരു പ്രത്യേക

യോഗം വിളിച്ചുചേർക്കേണ്ടതാണ്. പ്രത്യേക യോഗം ഏതു ആവശ്യത്തിനാണോ കൂടിയത് ആ വിഷയം ഒഴികെ മറ്റൊരു വിഷയവും ആ യോഗത്തിൽ പരിഗണിക്കുവാൻ പാടില്ലാത്തതാണ്".

(578) JWvUw 12 (4)-þ ൽ "അദ്ധ്യക്ഷം" എന്നത് "അദ്ധ്യക്ഷത" എന്ന് മാറ്റുക.-

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

579, 580, 581, 582, 583, 584, 585, 586, 587, 588, 589, 590, 592, 593, 594, 595, 596, 597, 598, 602, 603, 604 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

14-ാം വകുപ്പ്

605, 606, 607, 608, 609, 610, 612, 613, 614, 615, 618, 621, 622, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

15-ാം വകുപ്പ്

623, 624, 625, 626, 627, 628, 629, 630, 631, 633, 634, 636, 639, 640, 642, 643, 644, 645, 647, 648, 649, 651, 652, 653, 654 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 627, ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 630 എന്നീ നമ്പർ ഭേദഗതികൾ 53-നെതിരെ 63 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>16-ാം വകുപ്പ്</u>

655, 656, 657, 658, 659, 660, 661, 662, 663, 664, 665, 666, 667, 668, 669, 670, 671, 672, 673 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു

(666) ഖണ്ഡം 16(1) (ഐ)-യിൽ " ഔന്നത്യമുള്ള" എന്ന വാക്കിന് പകരം "ശ്രേഷ്ഠമായ" എന്ന വാക്ക് ചേർക്കുക.

(671) വകുപ്പ് 16(2)-ന്റെ അവസാനത്തിൽ താഴെപ്പറയുന്നത് ചേർക്കുക: "അങ്ങനെ ചെയ്യപ്പെടുന്നവർ കഴിവതും വിവിധ കലാരൂപങ്ങളെ പ്രതിനിധാനം ചെയ്യപ്പെടുന്നവർ ആയിരിക്കുവാൻ നിഷ്കർഷിക്കേണ്ടതാണ്."

(672) ഖണ്ഡം 16(2)-ന്റെ അവസാനം താഴെപറയുന്നത് കൂട്ടിച്ചേർക്കുക:

"അവരിൽ ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾ ആയിരിക്കേണ്ടതും ഒരാൾ വനിത ആയിരിക്കേണ്ടതുമാണ്."

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>17-ാം വകുപ്പ്</u>

675, 676, 677, 679, 680, 681, 682, 684, 686, 687, 688, 689, 690, 691, 692, 693 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(685) ഖണ്ഡം 17(2) (എച്ച്)-ൽ " ഫാക്കൽറ്റി ഉപദേശക സമിതികൾ നൽകിയ ഉപദേശം പരിഗണിച്ചശേഷം ബന്ധപ്പെട്ട പഠന ബോർഡുകളുടെ ശുപാർശയിന്മേൽ " എന്നീ വാക്കുകൾക്ക് പകരം " ഫാക്കൽറ്റി നൽകിയ ഉപദേശം പരിഗണിച്ചശേഷം ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശുപാർശയിന്മേൽ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>18-ാം വകുപ്പ്</u>

696-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>19-ാം വകുപ്പ്</u>

698, 699, 700, 701, 703 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>20-ാം വകുപ്പ്</u>

707, 708, 709, 710, 711, 712, 713 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

21-ാം വകുപ്പ്

717, 718, 719, 720, 721, 722, 723, 724 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

22-ാം വകുപ്പ്

725, 730, 736, 737, 738, 739, 740 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

730. ഖണ്ഡം 22 (1) (iv) – ൽ "പൈതൃത" എന്ന വാക്കിനു പകരം "പൈതൃക" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

23-ാം വകുപ്പ്

745, 746, 748, 751, 752 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

24-ാം വകുപ്പ്

753, 755, 756, 757, 758 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

755. ഖണ്ഡം 24(2)-ൽ "അംഗത്തിനെ" എന്ന വാക്കിന് പകരം "അംഗത്തെ" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>25-ാം വകുപ്പ്</u>

761, 765, 767, 769, 770 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>26-ാം വകുപ്പ്</u>

778-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>28-ാം വകുപ്പ്</u>

787, 788, 789, 790, 791, 792, 793, 794, 795, 796 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>29-ാം വകുപ്പ്</u>

800, 805, 807, 808, 810, 816, 818 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>30-ാം വകുപ്പ്</u>

820, 821, 824, 831, 832, 836, 838 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>31-ാം വകുപ്പ്</u>

842, 843 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>32-ാം വകുപ്പ്</u>

847-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

33-ാം വകുപ്പ്

854, 855, 856, 857, 858, 859, 860 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

34-ാം വകുപ്പ്

865-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

35-ാം വകുപ്പ്

875, 876 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

36-ാം വകുപ്പ്

881-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

37-ാം വകുപ്പ്

886, 887 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

38-ാം വകുപ്പ്

888, 889, 890, 891, 892 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

39-ാം വകുപ്പ്

893, 894, 895, 896,899, 900, 901 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു..

900. ഖണ്ഡം 39 (3)-ൽ "ഉദ്യോഗസ്ഥരെയും അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും" എന്നീ വാക്കുകൾക്കു പകരം "അനദ്ധ്യാപകരുടെ

നിയമനം പി. എസ്. സി. വഴി ആയിരിക്കുന്നതും " എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു

894–ാം നമ്പർ ഭേദഗതി 41–നെതിരെ 66 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 39–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 42–ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

42–ാം വകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ "42–ാം വകുപ്പുപ്രകാരം" എന്നതിനുപകരം "43–ാം വകുപ്പുപ്രകാരം" എന്ന് ചേർക്കണം.

923–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 42–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 43–ാം വകുപ്പ്

924–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി 924–ാം നമ്പർ ഭേദഗതി സ്വീകരിച്ചു.

924. ഖണ്ഡം 43(1)–ൽ " ഔദ്യോഗിക അംഗങ്ങളിൽ" എന്നീ വാക്കുകൾക്ക് പകരം "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 43–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

44–ാം വകുപ്പ്

932–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

45–ാം വകുപ്പ്

934, 935,936, 937, 938, 939, 940,941, 942, 944, 945, 946,947 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

46–ാം വകുപ്പ്

948,949, 951, 952, 953, 954, 955, 956 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

47–ാം വകുപ്പ്

960 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ചു.

49–ാം വകുപ്പ്

968, 973 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു. .

50–ാം വകുപ്പ്

975–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

51–ാം വകുപ്പ്

977, 978, 979 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>53-ാം വകുപ്പ്</u>

983, 984 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി 984-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ അവതരിപ്പിച്ചു.

984. ഖണ്ഡം 53 (6)-ൽ "5-ാം ഉപവകുപ്പിൻകീഴിൽ" എന്ന വാക്കുകൾക്ക് പകരം "6-ാം ഉപവകുപ്പിൽ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 53-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>55-ാം വകുപ്പ്</u>

990-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>56-ാം വകുപ്പ്</u>

995, 997 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>57-ാം വകുപ്പ്</u>

999, 1000, 1001 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>58-ാം വകുപ്പ്</u>

1002-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>58-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്</u>

1003-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

(1003) ഖണ്ഡം 58-നു ശേഷം താഴെപ്പറയുന്ന പുതിയ ഖണ്ഡം ചേർക്കുക.

"58 (എ). "ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം-

(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി, സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാലു ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്. "

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 58–ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>59–ാം വകുപ്പ്</u>

1004–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>60–ാം വകുപ്പ്</u>

1005–ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>1–ാം വകുപ്പും പീഠികയും</u>

106, 109, 110, 111, 112, 113, 114, 115, 116, 117, 118, 119, 120, 121, 122, 123, 124, 126, 128, 129, 130, 131, 132, 134, 137, 138, 139, 140, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

106. ശീർഷകത്തിൽ "മലയാളം" എന്ന വാക്കിനു പകരം ശീർഷകത്തിൽ "മലയാള" എന്ന വാക്ക് ചേർക്കുക.

111. ദീർഘശീർഷകത്തിൽ "മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും കേരള സംസ്കാരത്തിന്റേയും" എന്നീ വാക്കുകൾക്കു പകരം "മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും കേരള സംസ്കാരത്തിന്റെയും" എന്നീ വാക്കുകൾ ചേർക്കുക.

119. പീഠികയിൽ “മലയാള ഭാഷയുടേയും സാഹിത്യത്തിന്റേയും കേരള സംസ്ക്കാരത്തിന്റേയും” എന്നീ വാക്കുകൾക്ക് പകരം “മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും കേരള സംസ്ക്കാരത്തിന്റെയും” എന്നീ വാക്കുകൾ ചേർക്കുക.

130. ഖണ്ഡം (1)-ൽ ‘‘ആക്റ്റിന്’’ എന്ന വാക്കിന് പകരം “നിയമത്തിന്” എന്ന വാക്കും “ആക്റ്റ്” എന്ന വാക്കിന് പകരം “നിയമം” എന്ന വാക്കും ചേർക്കുക.

134. ഖണ്ഡം 1(1)-ൽ “മലയാളം” എന്ന വാക്കിന് പകരം “മലയാള” എന്ന വാക്ക് ചേർക്കുക.

137. ഖണ്ഡം 1(1)-ൽ “ആക്റ്റ്” എന്ന വാക്കിനു പകരം “നിയമം” എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ്: ഇവിടെ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ പേര് ‘മലയാള സർവ്വകലാശാല’

എന്നാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 'തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ' എന്നതിലെ 'രാമാനുജൻ' എന്ന പദം സ്വീകരിക്കേണ്ടതില്ലെന്ന ഭാഷാ വിദഗ്ദ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല എന്ന പേര് സ്വീകരിക്കാൻ തീരുമാനിച്ചത്. ചാൻസലർ, പ്രോചാൻസലർ, വൈസ് ചാൻസലർ, ഡീൻ, ഫാക്കൽറ്റി, കോഴ്സ്, രജിസ്ട്രാർ, സ്റ്റാറ്റ്യൂട്ട് തുടങ്ങിയ സാധാരണയായി ഉപയോഗിക്കുന്ന ഇംഗ്ലീഷ് വാക്കുകൾ അങ്ങനെതന്നെ നിലനിർത്തുന്നതാണ് ഉത്തമമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെതന്നെ നിലനിർത്തിയിട്ടുള്ളത്. ഉപദേശക സമിതികൾക്ക് ഉപദേശിക്കാനുള്ള അധികാരം മാത്രമേയുള്ളൂ, തീരുമാനമെടുക്കാനുള്ള അധികാരം അക്കാദമിക് കൗൺസിലിനാണ് ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ മലയാള ഭാഷയിൽ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും സാധിക്കുന്ന നിലയിൽ മലയാള ഭാഷയെ സജ്ജമാക്കുക എന്നത് സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ ഒന്നായി അംഗീകരിക്കണം. പ്രശസ്തരായ ഏത് വ്യക്തികളുടെ പേരിലും ചെയർ തുടങ്ങാനുള്ള പൂർണ്ണമായ സ്വാതന്ത്ര്യം യൂണിവേഴ്സിറ്റിക്ക് നൽകുന്ന രീതിയിലുള്ള ഭേദഗതിയാണ് സ്വീകരിച്ചിരിക്കുന്നത്. മലയാളഭാഷയുടെ ഭാവി സുരക്ഷിതമാക്കാനും നാടിന് അഭിമാനമാകുവാനും ഭാഷ നേരിടുന്ന ലോകോത്തര വെല്ലുവിളികൾ നേരിടാനും തക്കവണ്ണം കരുത്തേകുന്ന രീതിയിലാണ് ഈ സർവ്വകലാശാല രൂപകൽപ്പന ചെയ്തിട്ടുള്ളത്. മലയാള സർവ്വകലാശാല ബിൽ യാഥാർത്ഥ്യമാക്കുന്നതിന് സഹായകമായ നിലപാടെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വളരെ വൈകിയാണെങ്കിലും മലയാള സർവ്വകലാശല രൂപീകരിക്കാൻ സാധിച്ചത് ലോകത്തെമ്പാടുമുള്ള

മലയാളികൾക്ക് അഭിമാനം നൽകുന്ന കാര്യമാണ്. ഇതിൽ പങ്കാളികളാകാൻ സാധിച്ചുവെന്നത് ഒരു ചരിത്ര മുഹൂർത്തമായി കണക്കാക്കുകയാണ്. മലയാളത്തിന് ക്ലാസിക് പദവി നേടാനുള്ള ശ്രമം തുടർന്നും നടത്തണം. ഈ സർവ്വകലാശാലയിൽ പ്രയോജനപരമായ കോഴ്സുകൾ ആരംഭിക്കണം. പഠനത്തിനുശേഷം തൊഴിൽ ലഭിക്കുന്ന സാഹചര്യം വന്നാൽ മാത്രമേ ഇവിടെ തുടങ്ങുന്ന കോഴ്സുകൾ ആകർഷകമാകുകയുള്ളൂ. അധ്യാപക തസ്തികകൾക്ക് ഈ കോഴ്സുകൾ പഠിക്കുന്നവരെ പരിഗണിക്കണം. ഇവിടെ തുടങ്ങാൻ പോകുന്ന അഞ്ച് കോഴ്സുകളിൽ പഠിച്ചുവരുന്നവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന വിധത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ യോഗ്യതാ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് അടിയന്തരമായ ഇടപെടൽ നടത്തണം. സർവ്വകലാശാലയ്ക്ക് യു.ജി.സി.യുടെ 12(ബി) അംഗീകാരം അടിയന്തരമായി നേടിയെടുക്കണം. മലയാള സർവ്വകലാശാലയ്ക്ക് പശ്ചാത്തല സൗകര്യം ഒരുക്കാൻ ആവശ്യമായ ധനസഹായം നൽകിക്കൊണ്ട് പ്രവർത്തനസജ്ജമാക്കണം. ഓരോ കോഴ്സുകൾക്കും ആവശ്യമായ അദ്ധ്യാപകരെ അടിയന്തിരമായി നിശ്ചയിക്കണം. തിരൂരിൽ കൂടുതൽ സ്ഥലം ലഭ്യമാക്കിക്കൊണ്ട് ഈ യൂണിവേഴ്സിറ്റിക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ലഭ്യമാക്കണം. കമ്പ്യൂട്ടർ സൗഹൃദ മലയാള ലിപി വികസിപ്പിച്ചെടുക്കുന്നതിനുള്ള സാങ്കേതിക വിദഗ്ദ്ധന്മാർ സർവ്വകലാശാലയിൽ ഉണ്ടാകണം. വിവർത്തനശാഖ സ്ഥാപിക്കണം. മലയാള ഭാഷയ്ക്ക് മലയാള സിനിമവഴി നൽകിയിട്ടുള്ള സംഭാവന അംഗീകരിക്കുന്നതോടൊപ്പം അതുമായി ബന്ധപ്പെട്ട ഗവേഷണവും ശക്തിപ്പെടുത്തണം. കോടതി ഭാഷ മലയാളമാക്കാൻ നടപടി സ്വീകരിക്കണം. അനദ്ധ്യാപക നിയമനം പി.എസ്.സി വഴിയാക്കാൻ നടപടി സ്വീകരിക്കണം. ഭാഷാ അവബോധം ശക്തിപ്പെടുത്താൻ കഴിയണം.

ശ്രീ. സി. ദിവാകരൻ: ലോകമലയാളികൾക്ക് അഭിമാനകരവും അവിസ്മരണീയവുമായ നിയമനിർമ്മാണം നടത്തിയ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ശാസ്ത്ര-സാങ്കേതിക വിജ്ഞാനം ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിൽ മലയാളത്തെ വികസിപ്പിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ പദവി ലഭ്യമാകാനുള്ള ശ്രമങ്ങൾ അവസാന ഘട്ടത്തിലാണ്. ഏറ്റവും വേഗത്തിൽ അത് സംബന്ധിച്ചുള്ള തീരുമാനമുണ്ടാകുന്നതുമാണ്. സർവ്വകലാശാലയുടെ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതാണ്. സർക്കാർ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്ന മലയാളം മിഷന് ലോകത്തും ഇൻഡ്യയൊട്ടാകെയുള്ള മലയാളികളിൽനിന്നും മികച്ച പ്രതികരണം ലഭ്യമാകുന്നതിൽ അഭിമാനമുണ്ട്. പുതുതലമുറയെ മലയാളം പഠിപ്പിക്കുന്നതിന് മലയാള മിഷന്റെ പൂർണ്ണമായ സഹകരണമുണ്ടാകും. മലയാള സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് പൂർണ്ണമായ സഹകരണവും പരസ്പര വിശ്വാസത്തോടുകൂടിയുള്ള പ്രവർത്തനങ്ങളും ഉണ്ടാകണം. ബിൽ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

## 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. വിജയദാസ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ സിനിമാ തിയേറ്ററുകളുടെയും റിലീസിംഗ് കേന്ദ്രങ്ങളുടെയും അവസ്ഥ ദയനീയമാണ്. തിയേറ്ററുകളിൽ പോയി സിനിമ കാണാനുള്ള ജനങ്ങളുടെ താൽപ്പര്യം വളരെ കുറഞ്ഞിരിക്കുന്നതിനാൽ അഡീഷണലായി ഒരു സെസ് കൂടി ചുമത്തണമെന്ന തീരുമാനം പ്രായോഗികമല്ല. ആവശ്യമായ ജീവനക്കാരെ നിയമിച്ച് നികുതി പിരിച്ചെടുക്കുവാനുള്ള യാതൊരു നടപടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല.

ശ്രീ. പി.ടി.എ. റഹീം: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. സെസ്സ് കൂടുതൽ ഏർപ്പെടുത്തുന്നതിലുപരി അവ അഴിമതി രഹിതമായി വിനിയോഗിക്കുന്നതിന് പഞ്ചായത്തുകളെ പ്രാപ്തരാക്കണം.

ശ്രീ. ഇ. കെ. വിജയൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനങ്ങളുടെ മേൽ അമിതമായ സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുന്ന രീതിയിൽ സെസ്സ് ഏർപ്പെടുത്താൻ പാടില്ല. എല്ലാ മേഖലയിലും ജനങ്ങൾ വലിയ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ

അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ അംഗീകരിക്കാൻ പറ്റുന്നതല്ല. സിനിമാ തീയേറ്ററുകൾ അടച്ചുപൂട്ടുന്ന സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ ഇത്തരത്തിലൊരു സെസ്സ് ഏർപ്പെടുത്തിയാൽ ആ വ്യവസായം തകരാനിടയാകും.

ശ്രീ. പി.സി. വിഷ്ണുനാഥ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇലക്ട്രോണിക് ടിക്കറ്റിംഗ് സംവിധാനം വരുന്നതോടുകൂടി സിനിമാ തീയേറ്ററുകളിലെ തട്ടിപ്പ് തടയാൻ സാധിക്കും. ഇതിലൂടെ സർക്കാരിലേയ്ക്ക് ലഭ്യമാകേണ്ട നികുതി കൃത്യമായി ലഭിക്കുന്നതിനും ഈ തുക അവശ കലാകാരൻമാർക്ക് നൽകുന്നതിനും സാധിക്കും.

ശ്രീ. സാജു പോൾ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒരു വിനോദോപാധി എന്ന നിലയ്ക്ക് സിനിമയെ ജനങ്ങളോടടുപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും ഈ മേഖലയിൽ നടക്കുന്നില്ല.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഒരു തീയേറ്റർ ഉടമ തൊട്ടുമുൻപുള്ള മാസം വരെ വിനോദനികുതി അടയ്ക്കാത്തപക്ഷം സിനിമാ തീയേറ്ററിന്റെ ലൈസൻസോ പെർമിറ്റോ പുതുക്കി നൽകാതിരിക്കരുത് എന്ന്

ബഹു: ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. ഇലക്ട്രോണിക് ടിക്കറ്റിംഗ് ഏർപ്പെടുത്തിയത് മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും സഹായമാണ്. നിയമം ഉണ്ടാക്കുന്ന സന്ദർഭത്തിൽ തുക തീരുമാനിക്കാവുന്ന താണ്. നിയമം പാസ്സാക്കിയാലുടൻ ഇലക്ട്രോണിക് മെഷീൻ സ്ഥാപിച്ച് സെസ്സ് പിരിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

107, 108, 111, 112, 114, 119, 122, 123, 124, 128, 129, 131,133, 134, 135, 136, 137, 138 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ അവതരിപ്പിച്ചു.

(121) In Section 3C(2) proposed to be inserted in the principal Act by clause 2, for the words “specified by the Government” substitute the words “as may be specified by the Government by notification in the Gazette from time to time”

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

140-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

5-ാം വകുപ്പ്

146, 147 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം 39-നെതിരെ 58 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(3) 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. അടിസ്ഥാന വസ്തു നികുതി ഓരോ അഞ്ച് വർഷം കൂടുമ്പോഴും 25%

വർദ്ധിപ്പിക്കണമെന്ന നിർബന്ധ വ്യവസ്ഥ അപ്രായോഗികമാണ്. നാഷണൽ ബിൽഡിംഗ് റൂൾ അനുസരിച്ച് ബഹുനില കെട്ടിടങ്ങൾ പണിയുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി വൻകിട കെട്ടിട നിർമ്മാതാക്കളെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. അബ്കാരി ലൈസൻസ് നൽകുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത് അഴിമതിക്കിടയാക്കും. പുറമ്പോക്ക് കയ്യേറ്റക്കാരിൽ നിന്നും പിഴ ഈടാക്കിക്കൊണ്ട് കയ്യേറ്റത്തിന് നിയമ പരിരക്ഷ ലഭ്യമാക്കാനുള്ള വ്യവസ്ഥ അംഗീകരിക്കാവുന്നതല്ല. ഗ്രാമസഭ കൂടാനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതിനു പകരം അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നികുതിയിളവ് നൽകാൻ തീരുമാനിച്ചിരിക്കുന്നത് പൊതുവിദ്യാഭ്യാസത്തെ തകർക്കാനും വിദ്യാഭ്യാസ കച്ചവടത്തെ സഹായിക്കാനും വഴിതെളിക്കും.

ശ്രീ. ഇ.കെ. വിജയൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വസ്തു നികുതിയിൽ 25% വർദ്ധനവ് വരുത്താനുള്ള തീരുമാനം അപലപനീയമാണ്. ഫ്ളാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട വ്യവസ്ഥകളിൽ ഇളവ് വരുത്തുന്നത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും. പാവപ്പെട്ടവരിൽ നിന്ന് വർദ്ധിച്ച നികുതി ഈടാക്കാൻ പാടില്ല. കള്ള് ഷാപ്പുകൾക്ക് അനുമതി നൽകുന്നതിനുള്ള അധികാരം പഞ്ചായത്തുകളെ ഏൽപ്പിക്കുന്നത് അഴിമതിക്ക് ഇടയാക്കും. പുറമ്പോക്ക് കയ്യേറുന്നവരിൽനിന്നും പിഴ ഈടാക്കി അവരെ ഒഴിപ്പിക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരുന്നതിലൂടെ ഭൂ മാഫിയകളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളേയും

സ്ഥാപനങ്ങളേയും കെട്ടിട നികുതിയിൽനിന്ന് ഒഴിവാക്കിയ നടപടി അംഗീകരിക്കാനാവില്ല.

ശ്രീ. പി.ടി.എ. റഹീം: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പുറമ്പോക്ക് ഭൂമി കയ്യേറുന്നവരെ ഒഴിപ്പിക്കാനെത്തുന്ന ഉദ്യോഗസ്ഥരെ തടസ്സപ്പെടുത്തുന്ന വർക്കെതിരെ ക്രിമിനൽ കേസ്സെടുക്കുന്നതിന് പകരം സിവിൽ ജയിലിൽ അടയ്ക്കണമെന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തുന്നത് കയ്യേറ്റക്കാരെ പ്രോത്സാഹിപ്പിക്കുന്നതാണ്. കള്ള്ഷാപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് സമയ പരിധി വച്ചിരിക്കുന്നത് പഞ്ചായത്തുകൾക്ക് ഉപകാരപ്രദമാവില്ല. അമിത ഫീസ് ഈടാക്കുന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നികുതി ഒഴിവാക്കിക്കൊടുക്കുന്നതിനെ ന്യായീകരിക്കാനാവില്ല.

ശ്രീ. വി. ശിവൻകുട്ടി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പൊതുതാത്പര്യം സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടു ത്തിയിട്ടില്ല. ഓരോ അഞ്ച് വർഷംകൂടുമ്പോഴും അടിസ്ഥാന വസ്തു നികുതി 25 ശതമാനം വർദ്ധിപ്പിക്കണമെന്ന ബില്ലിലെ വ്യവസ്ഥ ജനദ്രോഹകരമാണ്. അബ്കാരി ഷാപ്പുകൾക്ക് അനുമതി നൽകുന്നതിനുള്ള അധികാരം പഞ്ചായ ത്തുകൾക്ക് നൽകുന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ദൂരവ്യാ പകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. സർക്കാർ പുറമ്പോക്ക് ഭൂമി കയ്യേറു ന്നവരിൽനിന്നും നാമമാത്രമായ പിഴ ഈടാക്കിയാൽ മതി എന്ന വ്യവസ്ഥ കയ്യേറ്റം വർദ്ധിക്കുന്നതിന് കാരണമാകും. ഗ്രാമസഭ വിളിച്ചുചേർക്കാനുള്ള സമയ പരിധി വർദ്ധിപ്പിക്കുന്നത് ശരിയല്ല. അൺഎയ്ഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും നികുതി ഒഴിവാക്കിക്കൊടുക്കുന്ന വ്യവസ്ഥയോട് യോജി ക്കാൻ കഴിയില്ല. തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്നാക്കി തിരിച്ചതിലൂടെ

അതിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. കേന്ദ്രത്തിൽനിന്നുള്ള ധനസഹായത്തിന്റെ 30 ശതമാനം മാത്രമാണ് പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചത്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനെന്ന പേരിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സർക്കാർ വരുത്തിയ മാറ്റങ്ങൾ ജനങ്ങളെ ആശങ്കാകുലരാക്കിയിരിക്കുകയാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തദ്ദേശസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നികുതി വർദ്ധന നടപ്പാക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. കള്ള് ഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നത് അഴിമതി വർദ്ധിപ്പിക്കുമെന്ന വാദം ശരിയല്ല. ഗ്രാമസഭകളെ ശക്തിപ്പെടുത്തണം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചു കൊണ്ടുവരികയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുതിയ മദ്യഷാപ്പുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ മാറ്റിസ്ഥാപിക്കുന്നതിനും അനുമതി നൽകാൻ അധികാരം കൊടുക്കുന്നത് ഒരു സാമൂഹിക ഇടപെടലിന് അവസരമുണ്ടാകുമെന്നുള്ളതു കൊണ്ടാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഭേദഗതി

ഓർഡിനൻസ് വന്നതിനുശേഷം സംസ്ഥാനത്ത് ബാറുകൾ തുടങ്ങാൻ അനുമതി കൊടുത്തത് അങ്ങേയറ്റം ഖേദകരമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളും അനാഥാലയങ്ങളും ഉൾപ്പെടെയുള്ളവയ്ക്ക് പഞ്ചായത്ത് നികുതി ഒഴിവാക്കിക്കൊടുത്തത് സ്വാഗതാർഹമാണ്. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നികുതി ഇളവ് അനുവദിക്കുമ്പോൾ സർക്കാരിന്റെ മാനദണ്ഡങ്ങളും കോടതി നിർദ്ദേശങ്ങളും പാലിക്കാതെ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒരു വ്യവസ്ഥ വച്ചുകൊണ്ടുമാത്രമേ ആനുകൂല്യം അനുവദിക്കാൻ പാടുള്ളൂ.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): അടിസ്ഥാന വസ്തുനികുതി 25 ശതമാനമാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നുവെന്നുവെന്ന ആരോപണം ശരിയല്ല. 2009-ലെ ഭേദഗതി അനുസരിച്ച് മുൻസർക്കാർ 14-1-2011-ൽ ഗസറ്റ് വഴി ചട്ടങ്ങൾ പുറപ്പെടുവിച്ച് വാസഗൃഹങ്ങൾക്ക് 60 ശതമാനം ടാക്സ് തീരുമാനിച്ചതിനെയാണ് ഈ സർക്കാർ 25 ശതമാനമാക്കി കുറച്ചത്. 1994-ലെ മുനിസിപ്പാലിറ്റി ആക്ടിൽ 376-ാം വകുപ്പ് അനുസരിച്ചുള്ള ഒരു വ്യവസ്ഥയ്ക്കാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

115, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>3-ാം വകുപ്പ്</u>

119, 130, 131, 139, 140, 141, 143, 144, 145, 149, 150, 151, 153, 154, 155, 156, 158, 159, 161, 162, 163, 166, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി 141-ാം നമ്പർ ഭേദഗതി താഴെപ്പറയും പ്രകാരം ഭേദഗതിയോടെ സ്വീകരിച്ചു.

141. ഖണ്ഡം 3 (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 203(4) (ബി)-യിൽ "അടുത്തുവരുന്ന പഞ്ചവാർഷിക നികുതി" എന്നതിനു പകരം "തുടർന്നുവരുന്ന 5 വർഷം കാലയളവിലേയ്ക്കുള്ള വാർഷിക വസ്തുനികുതി" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

173, 174 (എ), 175 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി 40-നെതിരെ 66 വോട്ടുകളോടെ സഭ നിരാകരിച്ചു.

5–ാം വകുപ്പ്

178, 179, 180, 181, 182, 183, 184, 185, 186, 187, 188, 189, 190 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

182. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)–ൽ “ഒരു സ്ഥലത്ത് നിന്നും” എന്നീ വാക്കുകൾക്ക് പകരം “അത് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിന്നും” എന്നീ വാക്കുകൾ ചേർക്കുക.

187. ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 232(4)–ൽ “മാറ്റുവാനോ” എന്ന വാക്കിനുശേഷം “അല്ലെങ്കിൽ” എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5–ാം വകുപ്പ് 40–നെതിരെ 65 വോട്ടുകളോടെ ബില്ലിന്റെ ഭാഗമായി.

6–ാം വകുപ്പ്

191, 192, 193, 194, 195, 196, 197, 198, 199, 200, 201, 202, 203, 204, 205, 206, 207 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

1–ാം വകുപ്പും പീഠികയും പേരും

108, 109, 110, 111, 112 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 2013–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2013–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 41–നെതിരെ 66 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അറിയിപ്പ്

### നിയമനിർമ്മാണം സംബന്ധിച്ച്

മി. സ്പീക്കർ: 10.04.2013–ലെ കാര്യവിവരപ്പട്ടികയിൽ നിയമ നിർമ്മാണകാര്യത്തിൽ നാലാമതായി ലിസ്റ്റ് ചെയ്തിരിക്കുന്ന കേരള സിവിൽ കോടതി (ഭേദഗതി) ബിൽ ഒന്നാമതായി പരിഗണനയ്ക്കെടുക്കണമെന്ന് മുഖ്യമന്ത്രി ഒരു റിക്വസ്റ്റ് വച്ചിട്ടുള്ള വിവരം സഭയെ അറിയിക്കുന്നു.

സഭ രാത്രി 10.53–ന് പിരിഞ്ഞു.

-------------